# വായന വേദി

## പാലക്കാട് ജില്ലാ പബ്ലിക്ക് ലൈബ്രറി മുഖപത്രം

ജൂൺ 2025

Volume - 01. Annual Issue



എഡിറ്റർ

ഇ. ജയചന്ദ്രൻ

എഡിറ്റോറിയൽ ബോർഡ്

രാജേഷ് മേനോൻ

പ്രൊഫ. കെ. മോഹൻദാസ്

ജ്യോതിബായ് പരിയാടത്ത്

ടി.കെ.നാരായണദാസ്

ടി.ആർ. അജയൻ



Designing

M R Design & Print

Palakkad.

Printed, Published and Owned by

Secretary

Palakkad District Public Library

Near District Panchayath Office

Palakkad - 678 001

Phone : 0491-2505590

Email : dplpalakkad@gmail.com

www.palakkaddistrictpubliclibrary.com


## അറിവിന്റെ വിശാല ലോകം

**ജി. പ്രിയങ്ക, ഐ.എ.എസ്, ജില്ലാ കളക്ടർ ചെയർമാൻ, പാലക്കാട് ജില്ലാ പബ്ലിക്ക് ലൈബ്രറി**



"വായന മനുഷ്യനെ പൂർണ്ണരാക്കുന്നു" എന്നത് തികച്ചും ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. വായന ഒരു ശീലമല്ല, ജീവിത ശൈലി ആണെന്ന് പറയാം. അപ്പോൾ പുതിയതൊന്നും വായിക്കാതെ ഒരു ദിവസവും തീരുകയില്ല. എത്ര തിരക്കിനിടയിലും വായനക്ക് സമയം കണ്ടെത്താനാകും. സാഹിത്യം, ശാസ്ത്രം, ചരിത്രം, തത്ത്വചിന്ത, കലകൾ, സാങ്കേതികവിദ്യ തുടങ്ങി വിവിധ ശാഖകളിലായി ഒരു ലക്ഷത്തിലധികം പുസ്തകങ്ങൾ, മികച്ച വായനക്കുള്ള വിഭവങ്ങൾ ഒരുക്കിയിട്ടുള്ള പാലക്കാട് ജില്ലാ പബ്ലിക്ക് ലൈബ്രറി, പാലക്കാട്ടെ വൈജ്ഞാനിക സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനമായി പ്രവർത്തിക്കുന്നുവെന്നത് അഭിമാനകരമാണ്. വിദ്യാർത്ഥികൾ, ഗവേഷകർ, അറിവിലൂടെ ആനന്ദം കണ്ടെത്തുന്ന വായനക്കാർ തുടങ്ങി വ്യത്യസ്ത അഭിരുചികളുമായി എത്തുന്നവർക്ക് വേണ്ടി പുസ്കതങ്ങളുടെ അതിവിപുലമായ ശേഖരമാണ് ഇവിടെ ഉള്ളത്. പ്രായഭേദം കൂടാതെ കുട്ടികൾക്കും മുതിർന്നവർക്കും പ്രയോജനപ്പെടുന്ന മികച്ച സൗകര്യങ്ങളും പ്രവർത്തനങ്ങളും ഇവിടെയുണ്ട് എന്നത് സന്തോഷകരമാണ്. പാലക്കാട് ജില്ലാ പബ്ലിക്ക് ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ഇനിയും കൂടുതൽ പേരിലേക്ക് എത്തിക്കാൻ കഴിയുമെന്ന് ഉറപ്പുണ്ട്. അറിവിന്റെ വിശാല ലോകം സമ്മാനിക്കുന്ന ലൈബ്രറിക്ക് കൂടുതൽ മികച്ച പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ കഴിയട്ടെയെന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

## വായനാ വസന്തമൊരുക്കി ഒരു വ്യാഴവട്ടം

**ടി.ആർ. അജയൻ സെക്രട്ടറി, പാലക്കാട് ജില്ലാ പബ്ലിക്ക് ലൈബറി.**



പാലക്കാട് ജില്ലാ പബ്ലിക്ക് ലൈബ്രറി പന്ത്രണ്ട് വർഷം പിന്നിട്ടിരിക്കുന്നു. 2013 ജൂൺ 29 ന് തുടക്കം കുറിച്ച ഈ ഗ്രന്ഥാലയം വിവിധ ഭാഷകളിലായി ഒന്നേ കാൽ ലക്ഷത്തോളം പുസ്തകങ്ങളുടെ വിപുലശേഖരവും പതിമൂന്നായിരത്തിലധികം അംഗങ്ങളുമായി വളർന്ന്, വായനയുടെ വസന്തമായി അക്ഷര പ്രഭ പരത്തി ഒരു വ്യാഴവട്ടം. പാലക്കാട് ജില്ലയിലെ മാത്രമല്ല കേരളത്തിലെ മികച്ചഗ്രന്ഥാലയവും സാംസ്ക്കാരിക വൈജ്ഞാനിക കേന്ദ്രവുമായി ഈ ലൈബ്രറി അടയാളപ്പെട്ടു കഴിഞ്ഞുവെന്നത് ഏറെ ചാരിതാർത്ഥ്യം നല്കുന്നു.

പാലക്കാട്ടെ ഒരു പറ്റം സഹൃദയ സുഹൃത്തുക്കളുടെ കൂട്ടായ ചിന്തയുടേയും പ്രവർത്തനത്തിന്റെയും പരിണിത ഫലമാണ് ഇന്ന് കേരളത്തിലെ തന്നെ ഏറ്റവും കർമ്മനിരതമായ മാതൃകാ വായനശാലയെന്ന് എല്ലാവരും പ്രകീർത്തിക്കുന്ന പാലക്കാട് ജില്ലാ പബ്ലിക്ക് ലൈബ്രറി. പാലക്കാട് ജില്ലാ പബ്ലിക്ക് ലൈബ്രറിയുടെ നിർമ്മാണത്തിനായി ഉടമസ്ഥാവകാശം സർക്കാരിൽ നിലനിർത്തിക്കൊണ്ട് 30 സെന്റ് സ്ഥലം ലൈബ്രറി ഭരണസമിതിക്കു കൈമാറി ഉത്തരവിറക്കിയത് ശ്രീ കെ.വി മോഹൻ കുമാർ ജില്ലാ കളക്ടറായി ചുമതലയെടുത്ത ശേഷമാണ്. പാലക്കാട് എം.പി. എൻ.എൻ. കൃഷ്ണദാസ് പാലക്കാട് ജില്ലാ പബ്ലിക്ക് ലൈബ്രറിയുടെ നിർമ്മാണത്തിനായി എം.പി. എന്ന നിലയിലുള്ള തന്റെ 2009-2010 ലെ ആസ്തി വികസനഫണ്ടിൽ നിന്നും ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഇങ്ങനെയാണ് ഇന്നത്തെ ഈ മഹദ് സ്ഥാപനത്തിന്റെ തുടക്കം. പുസ്തകങ്ങൾ, കമ്പ്യൂട്ടറുകൾ, ഫർണ്ണീച്ചറുകൾ എന്നിവ വാങ്ങുന്നതിനായി ജില്ലയിലെ 12 എം.എൽ.എ.മാരിൽ നിന്നുമായി നിയോജകമണ്ഡല പരിധി ഒഴിവാക്കി 65 ലക്ഷം രൂപയും അനുവദിച്ചു കിട്ടി.

വിശാലമായ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയിൽ ബഹുമുഖമായ ആശയ സമ്മേളനങ്ങൾ, അറിവിന്റെ പങ്കുവെക്കലുകൾ, ഇതിലൂടെ കൈവരുന്ന പുതിയ ആശയ തലങ്ങൾ എന്നിവ യാഥാർത്ഥ്യമാവുന്നു. കുട്ടികൾ, മുതിർന്നവർ, വയോജനങ്ങൾ ഏവർക്കും അവരുടെ വായനാ താൽപ്പര്യങ്ങൾ അവരുടേതായ രീതിയിൽ അനുഭവിക്കുന്നതിന് ഇതിലും മികച്ച മറ്റൊരിടം കണ്ടെത്താനാകില്ല.

വിവിധ നിലകളിലായി കുട്ടികൾക്കും മുതിർന്നവർക്കും പഠിതാക്കൾക്കും ഗവേഷകർക്കും പ്രത്യേക സൗകര്യങ്ങൾ ലൈബ്രറിയിൽ ഒരുക്കിയിട്ടുണ്ട്. സാഹിത്യം, സിനിമ, സംഗീതം, കലകൾ, വിദ്യാഭ്യാസം, വിവിധ കൂട്ടായ്മകൾ എന്നിവയെ ഒരുപോലെ കോർത്തിണക്കിയാണ് ലൈബ്രറിയുടെ അകത്തളവും പ്രവർത്തനവും ഏകോപിച്ചിരിക്കുന്നത്. വായനാ-പുസ്തക ചർച്ച, മുഖാമുഖം, ചലച്ചിത്ര പ്രദർശനങ്ങൾ, പുസ്തക പ്രകാശനങ്ങൾ, സെമിനാറുകൾ, സംഗീത സായാഹ്നം എന്നിങ്ങനെ സജീവമായ സാംസ്ക്കാരിക അന്തരീക്ഷം എന്നും നിറഞ്ഞു നിൽക്കുന്നതാണ് ഈ ലൈബ്രറി .

എല്ലാ വിഭാഗം ആളുകളുടേയും ജ്ഞാനതൃഷ്ണയേയും മാറുന്ന അഭിരുചികളേയും സംബോധന ചെയ്യാൻ കഴിയുമാറ് എന്നും നവീകരിക്കപ്പെട്ട പുതിയ ഉത്തരവാദിത്തങ്ങളും പുതിയ പദ്ധതികളുമായി പാലക്കാട് ജില്ലാ പബ്ലിക്ക് ലൈബ്രറി ഇനിയും മുന്നോട്ടുള്ള പ്രയാണത്തിലാണ്. ഈ യാത്രയിൽ മുഴുവൻ അക്ഷപ്രണയികളുടേയും അകമഴിഞ്ഞ പിന്തുണ തുടർന്നും ഞങ്ങളോടൊപ്പം ഉണ്ടാകുമെന്ന ഉറച്ച വിശ്വാസത്തോടെ നാളിതുവരെ നൽകിയ പിന്തുണക്ക് ഹൃദയപൂർവം നന്ദി പറയുന്നു.

## അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പ്രതിരോധിക്കാൻ ഗ്രന്ഥശാലകൾക്കേ സാധിക്കൂ: ശ്രീ. വി.കെ. മധു




അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സമൂഹത്തെ കാർന്നുതിന്നുന്ന സാഹചര്യത്തിൽ അതിനെ പ്രതിരോധിക്കാൻ ഗ്രന്ഥശാലകൾക്കേ സാധിക്കൂ എന്ന് സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി ശ്രീ. വി.കെ. മധു പറഞ്ഞു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയുടെ ദശവാർഷികാഘോഷങ്ങളുടെ സമാപനം ഉദ്ഘാടനം ചെയ്തു സംസാരി ക്കുകയായിരുന്നു അദ്ദേഹം. വായനയുടെ വഴികൾ വർഗീയതയിലേക്ക് തെറ്റിനീങ്ങുന്ന സാമൂഹികാവസ്ഥയിൽ, ഗ്രന്ഥശാലകളുടെ സാമൂഹിക പ്രസക്തിയേറുന്നു എന്നും അദ്ദേഹം പറഞ്ഞു. ലൈബ്രറി കൗൺസിൽ സമർപ്പിക്കുന്ന പല പദ്ധതികളും കേന്ദ്രസർക്കാർ തിരസ്കരിക്കുന്നു എന്നും അദ്ദേഹം സൂചിപ്പിച്ചു.

ലൈബ്രറിയുടെ ദശവാർഷികത്തോട് അനുബന്ധിച്ച് കഴിഞ്ഞ ഒരുവർഷം നടന്ന പരിപാടികളുടെ പ്രദർശനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ. ബിനുമോൾ ഉദ്ഘാടനം ചെയ്തു. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ശ്രീ. ടി.കെ. നാരായണദാസ് അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ, ലൈബ്രറിയുടെ വാർത്താപത്രിക പാലക്കാട് മുൻസിപ്പൽ കൗൺസിൽ ചെയർപേഴ്സൺ ശ്രീമതി. പ്രമീളശശിധരൻ പ്രകാശനം ചെയ്തു. ലൈബ്രറി കൗൺസിൽ ജില്ലാ സെക്രട്ടറി ശ്രീ. പി.എൻ. മോഹനൻ വാർത്താപത്രിക ഏറ്റുവാങ്ങി.

തുടർന്ന് 'മലയാളകവിതയിൽ സ്ത്രീവസന്തം' എന്ന വിഷയത്തിൽ കവി ശ്രീ. കുരീപ്പുഴ ശ്രീകുമാർ മുഖ്യ പ്രഭാഷണം നടത്തി. കാവ്യലോകത്തെ സ്ത്രീ എഴുത്തുകളുടെ വൈവിധ്യങ്ങൾ ഉദാഹരണങ്ങളിലൂടെ അവതരിപ്പിച്ച അദ്ദേഹം, മലയാള കവിതയിലെ സിംഹാസനം ഇനി സ്ത്രീകൾക്കുള്ളതാണെന്നും പറഞ്ഞു.

തുടർന്ന് സദസ്യരുമായി സംവാദം നടന്നു. ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ സ്വാഗതവും, നിർവാഹകസമിതി അംഗം ശ്രീ. മനോജ് വീട്ടിക്കാട് നന്ദിയും പറഞ്ഞു. പ്രാരംഭമായി ശ്രീമതി. കെ.ആർ. ഇന്ദു കവിത ആലപിച്ചു. ശേഷം ആശാൻ @ 150 പ്രഭാഷണം, കലാപരിപാടികൾ, സമാപനസമ്മേളനം എന്നിവ നടന്നു.

## ഇസ്ലാമിന്റെ അന്തഃസത്തയും ഔന്നത്യവും തിരിച്ചറിഞ്ഞ കവിയായിരുന്നു ആശാൻ: ഡോ. സി.പി. ചിത്രഭാനു




ഇസ്ലാമിന്റെ അന്തഃസത്തയും ഔന്നത്യവും തിരിച്ചറിഞ്ഞ കവിയായിരുന്നു ആശാൻ എന്ന് ഡോ: സി.പി. ചിത്രഭാനു. ഓരോ കാലത്തും പ്രദേശത്തും മനുഷ്യർ സഞ്ചരിക്കുന്ന പാതകളിലൂടെ സഞ്ചരിക്കാൻ ആശാന് സാധ്യമായെന്നും, ആശാന്റെ കാവ്യ ജീവിതത്തിന്റെ തുടർച്ചയാണ് അദ്ദേഹത്തിന്റെ സാമൂഹിക ജീവിതം എന്നും അദ്ദേഹം പറഞ്ഞു. ജില്ലാ പബ്ലിക് ലൈബ്രറിയുടെ ദശവാർഷികാഘോഷങ്ങളുടെ സമാപന വേദിയിൽ ആശാൻ @ 150 എന്ന പ്രഭാഷണ പരമ്പരയിൽ കുമാരനാശാന്റെ 'ദുരവസ്ഥ'യെ ആധാരമാക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം. ദുരവസ്ഥ ഒരു കാലത്ത് മാത്രം വായിക്കപ്പെടേണ്ടതല്ല, മറിച്ച് എക്കാലത്തും വായിക്കപ്പെടേണ്ടതാണ് എന്നും, ദുരാചാരങ്ങൾ കൊണ്ട് കാലത്തിനു കോട്ട കെട്ടിനിൽക്കുന്ന ദുരവസ്ഥക്ക് ഇന്നും മാറ്റമുണ്ടായിട്ടില്ല എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡോ: പി.ആർ. ജയശീലൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ ശ്രീ. രാജേഷ് മേനോൻ സ്വാഗതവും ശ്രീമതി. ജ്യോതിബായ് പരിയാടത്ത് നന്ദിയും പറഞ്ഞു.

## പുതിയതലമുറ സിനിമയെയും വായനയേയും പുതിയമാനങ്ങളിൽ കാണുന്നു: ശ്രീ. ജിയോബേബി




പുതിയതലമുറ സിനിമയെയും വായനയേയും പുതുമയുള്ള മാനങ്ങളിൽ കാണുന്നു എന്ന് സംവിധായകൻ ശ്രീ. ജിയോബേബി. അവർ ആഗ്രഹിക്കുന്ന വ്യത്യസ്തങ്ങളായ അവതാരങ്ങൾക്കായി കാത്തിരിക്കുകയാണെന്നും, അങ്ങനെയുള്ള സാഹിത്യ-കലാസൃഷ്ടികൾ ഉണ്ടാവുമ്പോൾ അവരതിനെ വലിയ വിജയമാക്കി ആഘോഷി ക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയുടെ ദശവാർഷികാഘോഷങ്ങളുടെ സമാപനസമ്മേളനത്തിൽ 'മലയാളചലച്ചിത്രവർത്തമാനം' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ജിയോബേബി.

പ്രശസ്ത എഴുത്തുകാരൻ ശ്രീ. വൈശാഖൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. നിരന്തരമായ അപ്ഡേറ്റുകൾക്ക് വിധേയമായാലേ മാനവികതയ്ക്ക് നിലനിൽപ്പു

ണ്ടാവൂ എന്നും, അതിനുസഹായകമായ വായന എന്ന പ്രക്രിയ സജീവമായി നിലനിർത്തേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി അത്തരത്തിൽ മികച്ച പ്രവർത്തനങ്ങളാണ് കഴിഞ്ഞ പത്ത് വർഷങ്ങളായി ചെയ്തുകൊണ്ടിരിക്കുന്ന തെന്നും അദ്ദേഹം പ്രശംസിച്ചു. എഴുത്തുകാരി ശ്രീമതി. മാനസി ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

തുടർന്ന് ദശവാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച വിവിധകലാ-സാഹിത്യമത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനവിതരണം നടന്നു. ശ്രീ. വൈശാഖൻ, ശ്രീ. ജിയോബേബി, ശ്രീമതി. മാനസി, ശ്രീ. വി.കെ. ജയപ്രകാശ്, പ്രൊഫ: സോമശേഖരൻ, ഡോ: ശ്രീ. എൻ. ശിവകുമാർ, ശ്രീമതി. ജ്യോതിബായ് പരി യാടത്ത് എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. ശ്രീ. വി.കെ. ജയപ്രകാശ് അധ്യക്ഷത വഹിച്ചു. നിർവാഹകസമിതി അംഗങ്ങളായ ശ്രീ. പ്രസാദ്മാത്യു സ്വാഗതവും, ശ്രീ. എ.കെ. ചന്ദ്രൻകുട്ടി നന്ദിയും പറഞ്ഞു. ശ്രീമതി. വിമല വേണുഗോപാൽ പ്രാരംഭം കുറിച്ചു.

അനുബന്ധമായി ലൈബ്രറി അംഗങ്ങളുടെയും മത്സര വിജയികളുടെയും കലാപ്രകടനങ്ങൾ അരങ്ങേറി. സംഗീതജ്ഞൻ ശ്രീ. മണ്ണൂർ രാജകുമാരനുണ്ണി കലാപ്രകടനങ്ങൾ ഉദ്ഘാടനം ചെയ്തു. പ്രായഭേദമെന്യേ നിരവധി കലാപ്രതിഭകൾ പ്രകടനങ്ങൾ കാഴ്ച്ചവെച്ചു. പ്രൊഫ: കെ. മോഹൻദാസ് അധ്യക്ഷത വഹിച്ചു. ശ്രീ. ജയരാജൻമാസ്റ്റർ സ്വാഗതവും, ശ്രീ. മോഹൻദാസ് ശ്രീകൃഷ്ണപുരം നന്ദിയും പറഞ്ഞു.

## ശ്രീധരൻ മാസ്റ്റർ അനുസ്മരണവും 'മർത്യഗാഥ' പുസ്തക ചർച്ചയും

### സത്യത്തെകുറിച്ചുള്ള നിരന്തരമായ അന്വേഷണമാണ് ശാസ്ത്രത്തിന്റെ രീതി: അഡ്വ: കെ. അനിൽകുമാർ



മനുഷ്യജീവിതം പാളങ്ങളിലൂടെ സഞ്ചരിക്കുന്നതല്ല. മനുഷ്യന്റെ ജീവിതം ജനാധിപത്യപരമാണ്. ജനാധിപത്യത്തിന്റെ അടിസ്ഥാനഘടകം കുടുംബങ്ങളിൽ രൂപപ്പെടണം വിശ്വാസങ്ങളല്ല, ശാസ്ത്രമാണ് ജനാധിപത്യസമൂഹത്തിന്റെ അടിസ്ഥാനം. സത്യത്തിനെകുറിച്ചുള്ള നിരന്തരമായ അന്വേഷണമാണ് ശാസ്ത്രത്തിന്റെ രീതി എന്ന് അഡ്വ: കെ. അനിൽകുമാർ പറഞ്ഞു.

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയിൽ ശ്രീധരൻ മാസ്റ്റർ അനുസ്മരണം, ശ്രീ. കെ.എ. രാജൻ എഴുതിയ 'മർത്യഗാഥ' എന്ന പുസ്തകത്തിന്റെ ചർച്ചയും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അനിൽകുമാർ. അഡ്വ: സി.പി. പ്രമോദ്, ശ്രീമതി. കെ. അജില, അഡ്വ: പ്രേംനാഥ്, ശ്രീ.കെ. ഗോകുലപാലൻ, ഡോ: പി. ആർ. ജയശീലൻ, ശ്രീ. മനോജ് വീട്ടിക്കാട്, ശ്രീ. എ.കെ. ചന്ദ്രൻകുട്ടി എന്നിവർ സംസാരിച്ചു. ശ്രീ. ടി.ആർ. അജയൻ അധ്യക്ഷത വഹിച്ചു. യോഗത്തിൽ ശ്രീ. ബി. രാജേന്ദ്രൻ നായർ സ്വാഗതവും ശ്രീ. രജീഷ് നന്ദിയും പറഞ്ഞു.

# തോപ്പിൽഭാസി ജന്മശതാബ്ദി ആഘോഷം

### തോപ്പിൽഭാസി മലയാള നാടകത്തിലെ പരമ്പരാഗത രാഷ്ട്രീയ വഴികളെ മാറ്റിപ്പണിത കലാകാരൻ: ശ്രീ. എം.എ.ബേബി



തോപ്പിൽഭാസി മലയാള നാടകത്തിലെ പരമ്പരാഗത രാഷ്ട്രീയ വഴികളെ മാറ്റിപ്പണിത കലാകാരൻ ആയിരുന്നു എന്ന് ശ്രീ. എം.എ. ബേബി പറഞ്ഞു. കേരള സംഗീത നാടക അക്കാദമി, സ്വരലയ പാലക്കാട്, പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി, പുരോഗമന കലാസാഹിത്യ സംഘം, യുവകലാ സാഹിതി എന്നിവ സംയുക്തമായി സംഘടിപ്പിച്ച തോപ്പിൽ ഭാസി ജന്മശതാബ്ദി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മാനുഷികമൂല്യങ്ങളിൽ അടിയുറച്ച് വിശ്വസിച്ച കമ്മ്യൂണിസ്റ്റ് എന്ന നിലയിൽ തോപ്പിൽഭാസി ഒരു മഹാ രാഷ്ട്രീയ സാംസ്കാരിക സാന്നിധ്യം ആയിരുന്നു എന്നും അദ്ദേഹം പറഞ്ഞു.

ഉദ്ഘാടനയോഗത്തിൽ സ്വരലയ പ്രസിഡന്റ് ശ്രീ. എൻ.എൻ. കൃഷ്ണദാസ് അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ: എ.ജി. ഒലീന മുഖ്യ പ്രഭാഷണം നടത്തി.

തോപ്പിൽഭാസി ഓർമ്മച്ചിത്രങ്ങളുടെ പ്രദർശനം, അദ്ദേഹത്തിന്റെ മക്കളായ അഡ്വ: തോപ്പിൽ സോമൻ, ശ്രീമതി. മാല തോപ്പിൽ, ശ്രീ. തോപ്പിൽ സുരേഷ് എന്നി വർ ചേർന്ന് ഉദ്ഘാടനം നിർവ്വഹിച്ചു.

ശ്രീ. ടി.ജി. രവി, ശ്രീ. കെ.ഇ. ഇസ്മയിൽ എന്നിവർ പങ്കെടുത്തു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി വൈസ് ചെയർമാൻ അഡ്വ: സി.പി. പ്രമോദ് സ്വാഗതവും, പുരോഗമന കലാസാഹിത്യ സംഘം സെക്രട്ടറി ശ്രീ. ആർ. ശാന്തകുമാരൻ മാസ്റ്റർ നന്ദിയും പറഞ്ഞു. പ്രാരംഭമായി 'തുഞ്ചൻപറമ്പിലെ തത്തേ..' എന്ന ഗാനം ശ്രീ. ഈശ്വരൻ നമ്പൂതിരി ആലപിച്ചു. തോപ്പിൽ ഭാസിയുടെ ഛായാചിത്രത്തിൽ പുഷ്പാർച്ചനയോടെയാണു പരിപാടി ആരംഭിച്ചത്.



## 'തോപ്പിൽഭാസിയും നാടകവും' സെമിനാർ

തോപ്പിൽഭാസിയെപ്പോലുള്ളവരുടെ സമരോത്സുക മായ സർഗ്ഗജീവിതമാണു ഇന്നത്തെ കേരളത്തെ ഇപ്പോഴും മുന്നോട്ട് നയിക്കുന്നത്: ശ്രീ. കരിവെള്ളൂർ മുരളി.

തോപ്പിൽഭാസിയെപ്പോലുള്ളവരുടെ സമരോത്സുകമായ സർഗ്ഗജീവിതമാണു ഇന്നത്തെ കേരളത്തെ ഇപ്പോഴും മുന്നോട്ട് നയിക്കുന്നത് എന്നും, അത്തരം സാഹസിക യാത്രകൾക്കുള്ള ഊർജ്ജശേഖരണമാണു അനുസ്മരണ പരിപാടികളെ അർത്ഥവത്താക്കുന്നത് എന്നും കേരള സംഗീത നാടക അക്കാദമി സെക്രട്ടറി ശ്രീ. കരിവെള്ളൂർ മുരളി പറഞ്ഞു. തോപ്പിൽഭാസി ജന്മശതാബ്ദിയിൽ 'തോപ്പിൽ ഭാസിയും നാടകവും' സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നടനും സാംസ്കാരിക പ്രവർത്തകനുമായ ശ്രീ. ടി.ജി. രവി, കൈരളി എക്സിക്യൂട്ടിവ് എഡിറ്റർ ശ്രീ. ശരത്ചന്ദ്രൻ എന്നിവർ പ്രഭാഷണം നടത്തി. കെ.പി.എ.സി. മുൻചെയർമാൻ ശ്രീ. കെ.ഇ. ഇസ്മയിൽ അധ്യക്ഷത വഹിച്ചു. യുവകലാസാഹിതി സെക്രട്ടറി ശ്രീ. എം.സി. ഗംഗാധരൻ സ്വാഗതവും, ശ്രീ. ജയരാജൻ മാസ്റ്റർ നന്ദി യും പറഞ്ഞു. പ്രാരംഭമായി 'മാരിവില്ലിൻ തേൻമലരേ..' എന്ന ഗാനം ശ്രീ. ദേവദാസ് ആലപിച്ചു.

### 'തോപ്പിൽഭാസി എന്ന ചലച്ചിത്രകാരൻ' സെമിനാർ

തോപ്പിൽഭാസിയുടെ ചലച്ചിത്രങ്ങൾ പുരോഗമന സ്വഭാവമുള്ളവ ആയിരുന്നു : ശ്രീ. ബൈജുചന്ദ്രൻ

തോപ്പിൽഭാസിയുടെ നാടകങ്ങൾ മാത്രമല്ല, ചലച്ചിത്രങ്ങളും പുരോഗമന സ്വഭാവമുള്ളവ ആയിരുന്നു എന്ന് ശ്രീ. ബൈജു ചന്ദ്രൻ. തോപ്പിൽഭാസി ജന്മശതാബ്ദിയിൽ 'തോപ്പിൽ ഭാസി എന്ന ചലച്ചിത്രകാരൻ' സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡോ: പി.ആർ. ജയശീലൻ, ശ്രീ. എം. ശിവകുമാർ എന്നിവർ പ്രഭാഷണം നടത്തി. ഡോ: സി.പി. ചിത്രഭാനു അധ്യക്ഷത വഹിച്ചു. IPTA സെക്രട്ടറി ശ്രീ. കെ. കരുണാകരൻ സ്വാഗതവും, യുവകലാസാഹിതി പ്രസിഡന്റ് ശ്രീ. എസ്. രാമകൃഷ്ണൻ നന്ദിയും പറഞ്ഞു. പ്രാരംഭമായി 'പ്രവാചകന്മാരേ..' എന്ന ഗാനം ശ്രീ. സന്തോഷ് നമ്പ്യാർ ആലപിച്ചു.

### പാലക്കാട്ടെ നാടകപ്രവർത്തകർ - തോപ്പിൽഭാസി ജന്മശതാബ്ദിയിൽ നടന്ന ഒത്തുചേരൽ

നാടകരംഗവും നാടകപ്രവർത്തകരും നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും ചർച്ച ചെയ്ത് പാലക്കാട്ടെ നാടകപ്രവർത്തകർ ഒത്തുചേർന്നു. തോപ്പിൽ ഭാസി ജന്മശതാബ്ദിയിൽ നടന്ന ഒത്തുചേരൽ നാടക സംവിധായകൻ പ്രൊഫ: പി. ഗംഗാധർ ഉദ്ഘാടനം ചെയ്തു.

ശ്രീ. രവി പുത്തൂർ, ശ്രീ. രവി തൈക്കാട്, ശ്രീ. സജിത്ത് കെ.വി., ശ്രീ. സുജിത്ത് സി.ഡി. എന്നിവർ സംവാദത്തിനു നേതൃത്വം കൊടുത്തു.

ജില്ലാ കേന്ദ്രകലാ സമിതി പ്രസിഡന്റ് ശ്രീ. കെ.എ. നന്ദജൻ അധ്യക്ഷത വഹിച്ചു. നാടക പ്രവർത്തകരുടെ പ്രതിസന്ധികൾ മറികടക്കാൻ ജില്ലാ കേന്ദ്രകലാ സമിതി പരമാവധി പ്രവർത്തിക്കുമെന്ന് ശ്രീ. ടി.ആർ. അജയൻ ചർച്ചയ്ക്ക് മറുപടിയായി പറഞ്ഞു.

ജില്ലാ കേന്ദ്രകലാ സമിതി സെക്രട്ടറി ശ്രീ. എ.പി. കേലു സ്വാഗതവും, ശ്രീ. തോമസ് ജോർജ്ജ് നന്ദിയും പറഞ്ഞു. പ്രാരംഭമായി 'ബലികുടീരങ്ങളേ..' എന്ന ഗാനം ശ്രീമതി. വിമല വേണുഗോപാൽ ആലപിച്ചു.

### തോപ്പിൽഭാസി ജന്മശതാബ്ദി സമാപന സമ്മേളനം

തോപ്പിൽഭാസി നാടകത്തെ ശക്തമായ ആയുധമാ ക്കിയ നാടകാചാര്യൻ: ശ്രീ. എം.ബി. രാജേഷ്

അസമത്വങ്ങൾക്കെതിരെ ശക്തമായ ആയുധമാക്കി നാടകത്തെ മാറ്റിയ നാടകാചാര്യനാണു തോപ്പിൽഭാസി എന്ന് ബഹു: മന്ത്രി ശ്രീ. എം.ബി. രാജേഷ് പറഞ്ഞു. തോപ്പിൽഭാസി ജന്മശതാബ്ദിയിൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗഹനമായ സാമൂഹിക മാറ്റത്തെ ലളിതമാക്കി മാറ്റി സാധാരണ മനുഷ്യർക്കിടയിൽ അവതരിപ്പിച്ച് വിജയിച്ച പ്രതിഭയായിരുന്നു തോപ്പിൽ ഭാസി എന്നും അദ്ദേഹം പറഞ്ഞു.

ശ്രീമതി. ഗീത നസീർ മുഖ്യപ്രഭാഷണം നടത്തി. തോപ്പിൽഭാസിയുടെ മക്കളായ അഡ്വ: തോപ്പിൽ സോമൻ, ശ്രീമതി. മാല തോപ്പിൽ, ശ്രീ. തോപ്പിൽ സുരേഷ് എന്നിവർ പിതൃസ്മരണ പങ്കുവെച്ചു സംസാരിച്ചു.

ശ്രീ. ഇ.എൻ. സുരേഷ്ബാബു അധ്യക്ഷത വഹിച്ചു. മുൻ നിയമസഭാ സ്പീക്കർ ശ്രീ. ജോസ് ബേബി, ശ്രീ. ടി.കെ. നാരായണദാസ് എന്നിവർ ആശംസാപ്രസംഗം നടത്തി.

ശ്രീ. ടി.ആർ. അജയൻ സ്വാഗതവും, ശ്രീ. പ്രസാദ് മാത്യു നന്ദിയും പറഞ്ഞു. പ്രാരംഭമായി 'അമ്പിളി അമ്മാവാ..' എന്ന ഗാനം ശ്രീമതി. പ്രതിഭ ആലപിച്ചു.

തുടർന്ന് തോപ്പിൽഭാസിയുടെ പ്രസിദ്ധ നാടകങ്ങ ളിലെ പ്രസക്തഭാഗങ്ങൾ ഉൾക്കൊള്ളിച്ച നാടക മാലിക 'കനൽ വഴികളിലൂടെ' അരങ്ങേറി. ശ്രീ. നന്ദജൻ കെ.എ. സംവിധാനം നിർവ്വഹിച്ച നാടകത്തിൽ പാലക്കാട്ടെ നാടക പ്രവർത്തകരായ ശ്രീ. മനോജ്, ശ്രീ. നീരജ്, കുമാരി. സൗമ്യ, ശ്രീമതി. ജയശ്രീ, ശ്രീ. ബിജു, ശ്രീ. ഷനൂബ്, ശ്രീ. ആദർശ് എന്നിവർ അരങ്ങിലെത്തി.

പ്രധാനമായും തോപ്പിൽ ഭാസിയുടെ അശ്വമേധം, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, ഒളിവിലെ ഓർമ്മകൾ എന്നിവയാണു നാടകത്തിന്റെ ആധാരമായത്. ഒപ്പം അദ്ദേഹത്തിന്റെ നിരവധി കുറിപ്പുകളും നാടകത്തിന്റെ മാറ്റ് കൂട്ടി. നിറഞ്ഞ സദസ്സിൽ കൈയ്യടികളോടെ വലിയ സ്വീകാര്യതയായിരുന്നു നാടകത്തിന്..



## സർഗ്ഗരശ്മി ബാലവേദി പ്രതിമാസപരിപാടി 'മഴനിലാവ്'



ജില്ലാ പബ്ലിക് ലൈബ്രറി പ്രവർത്തിക്കുന്നത് ലോക വീക്ഷണത്തോടെ: ശ്രീ. കെ.എൻ. കുട്ടി കടമ്പഴിപ്പുറം

ഇടുങ്ങിയ ചിന്തകളോടെയല്ല, പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി പ്രവർത്തിക്കുന്നത് ലോകവീക്ഷണത്തോടെയാണെന്ന് പ്രശസ്ത ബാലസാഹിത്യകാരൻ ശ്രീ. കെ.എൻ. കുട്ടി കടമ്പഴിപ്പുറം പറഞ്ഞു. ലൈബ്രറിയുടെ സർഗ്ഗരശ്മി ബാലവേദിയുടെ പ്രതിമാസ പരിപാടി 'മഴനിലാവ്' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കുട്ടികൾ വായനയിലേക്ക് വരുന്നു ണ്ടെന്ന് രക്ഷിതാക്കൾ ഉറപ്പു വരുത്തണം എന്നും, അത് അവരെ നിരന്തരം നവീകരിക്കുമെന്നും ബഷീറിന്റെ 'പൂവമ്പഴ'വും, ടി. പത്മനാഭന്റെ 'അശ്വതി' യും ഉൾപ്പെടെ ഉദാഹരിച്ച് അദ്ദേഹം പറഞ്ഞു.

ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ ആമുഖം അവതരിപ്പിച്ചു. കവി ശ്രീമതി. ജ്യോതിബായ് പരിയാടത്ത് അധ്യക്ഷത വഹിച്ച പരിപാടിയിൽ പ്രൊഫ: സി. സോമശേഖരൻ, ഡോ: യു. ജയപ്രകാശ് എന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീമതി. കാവ്യസ്വാഗതവും, ശ്രീ. കണ്ണൻ ഇമേജ് നന്ദിയും പറഞ്ഞു. തുടർന്ന് ബാലവേദിയിലെ കുട്ടികൾ 'മഴ' എന്ന വിഷയത്തിൽ അവരുടേതായ കവിതകൾ, ആലാപനങ്ങൾ, നൃത്തനൃത്യങ്ങൾ, മറ്റ് നിരവധി സർഗ്ഗാത്മക അവതരണങ്ങൾ എന്നിവ നടത്തിയത് പരിപാടിയെ ഏറെ മനോഹരമാക്കി.

## രണ്ട് പുസ്തകങ്ങളുടെ പ്രകാശനം



പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയുടെ നേതൃത്വത്തിൽ രണ്ട് പുസ്തകങ്ങളുടെ പ്രകാശനം നടന്നു. ഡോ: പി.ആർ. ജയശീലൻ രചിച്ച് ഐവറി ബുക്സ് പ്രസാധനം നിർവ്വഹിച്ച 'രൂപാന്തരം' ശ്രീ. ആഷാമേനോൻ, ശ്രീ. പി.ആർ. രതീഷിനു നൽകിയും, ശ്രീമതി. ജ്യോതിബായ് പരിയാടത്ത് പരിഭാഷ നിർവ്വഹിച്ച, ചിന്ത പ്രസിദ്ധീകരിച്ച വ്ലാദിമിർമയക്കോവ് സ്കിയുടെ 'വ്ലാദിമിർഇല്യച് ലെനിൻ' ശ്രീ. കെ. ജയദേവൻ, ശ്രീമതി. സുഭദ്രാസതീശനു നൽകിയുമാണു പ്രകാശിതമായത്.

ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ അദ്ധ്യ ക്ഷത വഹിച്ച പരിപാടിയിൽ ശ്രീമതി ടി.ജി. അജിത, ശ്രീ. മനോജ് വീട്ടിക്കാട് എന്നിവർ പുസ്തകങ്ങളെ പരിചയപ്പെടുത്തി സംസാരിച്ചു. ശ്രീ. എം. ശിവകുമാർ മാസ്റ്റർ, പ്രൊഫ: കെ. മോഹൻദാസ്, ശ്രീ. ടി.കെ. ശങ്കര നാരായണൻ, ശ്രീമതി ജ്യോതിലക്ഷ്മി എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

യാത്രാവിവരണത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവ് ശ്രീമതി. നന്ദിനി മേനോനെ പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിക്ക് വേണ്ടി പ്രൊഫ: സി.സോമശേഖരൻ ആദരിച്ചു.

ഡോ: പി.ആർ. ജയശീലൻ, ശ്രീമതി ജ്യോതിബായ് പരിയാടത്ത് എന്നിവർ മറുമൊഴി പറഞ്ഞു. ശ്രീ. മോഹൻ ദാസ് ശ്രീകൃഷ്ണപുരം സ്വാഗതവും ഗ്രന്ഥകർത്താക്കൾ നന്ദിയും പറഞ്ഞു. ശ്രീമതി സാന്ദ്ര എസ് വാര്യരുടെ പ്രാരംഭഗാനത്തോടെയാണു പരിപാടി ആരംഭിച്ചത്.

## നമ്മുടെ റിപ്പബ്ലിക്കിന്റെ ഭാവിയും വെല്ലുവിളികളും -ഡോ: പരകാലപ്രഭാകർ




അസമത്വത്തെ ന്യായീകരിക്കുന്ന ജനങ്ങൾ പെരുകുന്നത് റിപ്പബ്ലിക് ഇന്ത്യയ്ക്ക് ആഘാതമുണ്ടാക്കും: ഡോ: പരകാല പ്രഭാകർ. അസമത്വത്തെ ന്യായീകരിക്കുന്ന ജനങ്ങൾ വർദ്ധിക്കുന്നു എന്നും, അത് റിപ്പബ്ലിക് ഇന്ത്യയ്ക്ക് ആഘാതമുണ്ടാക്കും എന്നും പ്രശസ്ത രാഷ്ട്രമീമാംസകനും സാമ്പത്തിക ശാസ്ത്ര വിദഗ്ധനുമായ ഡോ: പരകാല പ്രഭാകർ. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി, സ്വരലയ പാലക്കാട്, സംഘാടക സമിതി പാലക്കാട് എന്നിവ സംയുക്തമായി സംഘടിപ്പിച്ച പ്രഭാഷണ പരിപാടിയിൽ 'നമ്മുടെ റിപ്പബ്ലിക്കിന്റെ ഭാവിയും വെല്ലുവിളികളും' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

35000 തസ്തികകൾക്ക് ഒരു കോടിയിലധികം യുവാക്കൾ അപേക്ഷിക്കുന്ന ഇന്ത്യയിലെ തൊഴിലില്ലായ്മയുടെ രൂക്ഷത അദ്ദേഹം ചൂണ്ടിക്കാട്ടി. മതേതരത്വം ഇന്ത്യയുടെ ആത്മാവാണെന്നും, അതിനെ കാർന്നുതിന്നുന്ന മത വർഗ്ഗീയത ഒരു വൈറസ് പോലെ ഇന്ത്യയിൽ അവശേഷി ക്കുന്നുണ്ടെന്നും, സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ അവ ഓർത്തെടുക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവു മായ വെല്ലുവിളികൾ നിലനിൽക്കുന്നുണ്ടെന്നും, അതിനെ ഇന്ത്യൻ ജനത ഓരോ ശ്വാസത്തിലും എതിർക്കാൻ തയ്യാറായ മതേതര സൈന്യമായി മാറേണ്ടതുണ്ട് എന്നും അദ്ദേഹം സൂചിപ്പിച്ചു. തുടർന്ന് അദ്ദേഹം സദസ്യരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി നൽകി.

പരിപാടിയിൽ സ്വരലയ പ്രസിഡന്റ് ശ്രീ. എൻ.എൻ. കൃഷ്ണദാസ് അധ്യക്ഷത വഹിച്ചു. ഡോ: പരകാല പ്രഭാകർ രചിച്ച 'The Crooked Timber of New India' എന്ന പുസ്തകത്തിന്റെ ചിന്താ പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച മലയാള പരിഭാഷ 'ആരൂഢം വളഞ്ഞ നവ ഇന്ത്യ' ബഹു: മന്ത്രി ശ്രീ. എം.ബി. രാജേഷ് പ്രകാശനം ചെയ്തു. ശ്രീ. ഇ.എൻ. സുരേഷ് ബാബു പുസ്തകം ഏറ്റുവാങ്ങി.

അഡ്വ: സി.പി. പ്രമോദ് പ്രഭാഷണം പരിഭാഷപ്പെടു ത്തി. ശ്രീ. ടി.ആർ. അജയൻ സ്വാഗതവും, ശ്രീ. സന്തോഷ് കുമാർ നന്ദിയും പറഞ്ഞു.

പാലക്കാടിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന നിരവധി ആളുകൾ സൂര്യരശ്മി ഓഡിറ്റോറിയത്തിലെ നിറഞ്ഞ സദസ്സിനെ സമ്പന്നമാക്കി.

## വായന– ഇ.പി.രാജഗോപാലൻ രചിച്ച 'ഭാഷ ഭാവന വിനിമയം', 'വായനക്കാരൻ എം.ടി.'



### ഇ.പി. രാജഗോപാലന്റെ വായനകൾ വിസ്മയപ്പെടുത്തുന്നവ: ഡോ. സി.പി. ചിത്രഭാനു

ഇ.പി. രാജഗോപാലന്റെ വിമർശനവായനകൾ വിസ്മയിപ്പിക്കുന്നവയാണെന്ന് ഡോ: സി.പി. ചിത്രഭാനു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയുടെ പ്രതിമാസ പരിപാടി 'വായന'യിൽ ശ്രീ. ഇ.പി. രാജഗോപാലൻ രചിച്ച 'ഭാഷ ഭാവന വിനിമയം', 'വായനക്കാരൻ എം.ടി.' എന്നീ പുസ്തകങ്ങളുടെ ചർച്ച ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. എഴുത്തുകാർ എഴുതാതെ വിട്ടുപോയ മൗനങ്ങൾ, എഴുതപ്പെട്ട കാല ഘട്ടത്തിലെ ചരിത്രസന്ദർഭങ്ങൾ മുൻനിർത്തി വായിച്ച് പൂരിപ്പിക്കുന്ന നിരൂപണങ്ങളാണ് രാജഗോപാലിന്റേത് എന്നും അദ്ദേഹം പറഞ്ഞു.

ഡോ: വിജു നായരങ്ങാടി, ശ്രീ. ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി, ഡോ: സി. ഗണേഷ്, ശ്രീ. മനോജ് വീട്ടിക്കാട്, ശ്രീ. മോഹൻദാസ് ശ്രീകൃഷ്ണപുരം, ശ്രീ. രാജേഷ് മേനോൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഒരേ സമയം ആഴത്തിൽ വിലയിരുത്തുന്നവയും, എന്നാൽ ലളിതവും സൗമ്യവുമായ ഭാഷയുമാണ് ഇ.പി. രാജ ഗോപാലന്റെ പ്രത്യേകത എന്ന് ചർച്ച വിലയിരുത്തി.

ശ്രീ. ഇ.പി. രാജഗോപാലൻ മറുമൊഴി പറഞ്ഞു. ശ്രീ. ടി.ആർ. അജയൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ ശ്രീ. രാജേന്ദ്രൻ നായർ സ്വാഗതവും ശ്രീ. സുരേന്ദ്രൻ കുത്ത നൂർ നന്ദിയും പറഞ്ഞു. ശ്രീ. വിഷ്ണു പ്രാരംഭം കുറിച്ചു.

## കലാമണ്ഡലം രാമൻ കുട്ടിനായർ ആശാൻ അനുസ്മരണവും, ഡോക്യുമെന്ററി പ്രദർശനവും

വനിതാ സാഹിതി ജില്ലാ സെകട്ടറി എം.എൻ. ലതാദേവിയുടെ അധ്യക്ഷതയിൽ നടന്ന യോഗം പ്രശസ്ത നാടക പ്രവർത്തകൻ കെ.പി.എസ്. പയ്യനടം ഉദ്ഘാടനം ചെയ്തു. അപ്പുക്കുട്ടൻ സ്വരലയം മുഖ്യ പ്രഭാഷണം നടത്തി. പുരോഗമന കലാസാഹിത്യസംഘം ജില്ലാ സെക്രട്ടറി ആർ. ശാന്തകുമാരൻ സ്വാഗതവും, ഉണ്ണികൃഷ്ണൻ ചാഴിയാട് നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന ചർച്ച പാലക്കാട് ജില്ലാ പബ്ളിക് ലൈബ്രറി ഫിലിം സൊസൈറ്റി ചെയർമാൻ മുഹമ്മദ് സാദിക് നേതൃത്വം നൽകി. രാമൻകുട്ടി ആശാന്റെ ശിഷ്യൻമാരായ ഏഴിക്കോട് ഹരികുമാർ, കലാനിലയം മുകുന്ദൻ, കലാ മണ്ഡലം വെങ്കിട്ടരാമൻ, ഫിലിം സൊസൈറ്റി വൈസ് ചെയർമാൻ ഇ. വിനോദ്കുമാർ, കൺവീനർ രജീഷ് കെ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## ഓണാഘോഷം 2024



പൂക്കളമിട്ടും തിരുവാതിരച്ചുവടുകൾ തീർത്തും ജില്ലാ പബ്ലിക് ലൈബ്രറിയിൽ ഓണമാഘോഷിച്ചു. കലാമണ്ഡലം ശിവൻ നമ്പൂതിരി ഉത്ഘാടനം ചെയ്തു. ലൈബ്രറി സെക്രട്ടറി ടി.ആർ. അജയൻ അധ്യക്ഷനായി. കലാപരിപാടിയുമുണ്ടായി. കെ. മോഹൻദാസ്, ജ്യോതി ബായ് പരിയാത്ത്, ലക്ഷ്മി പദ്മനാഭൻ, കെ ശാന്തപ്പൻ, ജെ ജി. മേനോൻ, സി. സോമശേഖരൻ എന്നിവർ സംസാരിച്ചു. സർഗ്ഗരശ്മി ബാല വേദിയുടെ 'ഓണപ്പൊലിമ'യു മുണ്ടായി. കളക്ടർ ഡോ. എസ്. ചിത്ര മുഖ്യാതിഥിയായി. ബാലവേദി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ ഇക്കുറി ഓണമായിരുന്നു വിഷയം. ഓണപ്പാട്ടുകൾ, ഓണച്ചിത്രങ്ങൾ, ഓണക്കവിതകൾ, നൃത്ത പരിപാടികൾ എന്നിവയുമുണ്ടായി. കുട്ടികൾക്ക് കളക്ടർ സർട്ടിഫിക്കറ്റ് നൽകി.

## ബാലവേദി സർഗ്ഗരശ്മിയുടെ– 'ഗാന്ധി സ്മൃതി'



മനുഷ്യനായി ജീവിക്കുക എന്നതിനേക്കാൾ വലുതൊന്നും ഈ കാലഘട്ടത്തിലില്ല: ശ്രീമതി. സുനിത നെടുങ്ങാടി. മനുഷ്യനായി ജീവിക്കുക എന്നതിനേക്കാൾ വലുതൊന്നും ഈ കാലഘട്ടത്തിലില്ല എന്ന് ശ്രീമതി. സുനിത നെടുങ്ങാടി പറഞ്ഞു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയിലെ ബാലവേദി സർഗ്ഗരശ്മിയുടെ ഒക്ടോബർ മാസത്തെ പരിപാടി 'ഗാന്ധി സ്മൃതി' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സഹജീവി കളോടുള്ള സ്നേഹം ഉപാധികളില്ലാതെ സാധ്യമാക്കുക എന്നതാണ്, ഗാന്ധിയിലൂടെയും, വായനയിലൂടെയും പുതിയ തലമുറ പഠിക്കേണ്ടത് എന്നും സുനിത നെടുങ്ങാടി ഓർമ്മിപ്പിച്ചു.

ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ അധ്യക്ഷത വഹിച്ചു. പ്രൊഫ: കെ. മോഹൻദാസ് ആശംസ അർപ്പിച്ച് സംസാരിച്ചു. ശ്രീമതി. ജ്യോതിബായ് പരിയാടത്ത് സ്വാഗതവും, ശ്രീമതി. പി.സി. ഏലിയാമ്മ നന്ദിയും പറഞ്ഞു.

തുടർന്ന് ബാലവേദിയിലെ കുട്ടികൾ ഗാന്ധിയെ ആസ്പദമാക്കിയുള്ള നിരവധി കലാവതരണങ്ങൾ നടത്തി. സമാപന സമ്മേളനത്തിൽ ഡോ: സുനിത ഗണേഷ്, കലാവതരണം നടത്തിയ കുട്ടികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. രാഷ്ട്രപിതാവിനെ ആധാരമാക്കി കുട്ടികൾ വരച്ച ചിത്രങ്ങൾ ലൈബ്രറിയിൽ പ്രദർശിപ്പിച്ചതും ശ്രദ്ധേയമായി.

# 'പാലക്കാടിന്റെ വിനോദസഞ്ചാര സാധ്യതകൾ' സെമിനാർ




### മലമ്പുഴ ഡാം സീപ്ലെയിനുകൾക്ക് അനുയോജ്യമായ ഇടം – ശ്രീ. പി.എ. മുഹമ്മദ് റിയാസ്

മലമ്പുഴ ഡാം സീ പ്ലെയിനുകൾക്ക് ഏറ്റവും അനുയോജ്യമായ ഇടമാണെന്നും, പാലക്കാടിന്റെ വിനോദ സഞ്ചാരത്തിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിയുന്നതാണെന്നും ബഹു: കേരള വിനോദസഞ്ചാര വകുപ്പ് മന്ത്രി ശ്രീ. പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി സംഘടിപ്പിച്ച 'പാലക്കാടിന്റെ വിനോദ സഞ്ചാര സാധ്യതകൾ' എന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പൈതൃക ടൂറിസം, സാംസ്കാരിക ടൂറിസം, സിനിമ ടൂറിസം, ഫാം ടൂറിസം, തീർത്ഥാടന ടൂറിസം എന്നിങ്ങനെ നിരവധി വൈവിധ്യങ്ങളായ വിനോദസഞ്ചാര സാധ്യതകൾ ഉള്ള ജില്ലയാണ് പാലക്കാടെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് ഡോ: തോമസ് ജോർജ്ജ് വിഷയം അവതരിപ്പിച്ച് സംസാരിച്ചു. പാലക്കാട് ആരംഭിക്കേണ്ടതായ വിനോദസഞ്ചാര സാധ്യതകളെക്കുറിച്ചും, വീണ്ടെടുക്കേണ്ട പദ്ധതികളെക്കുറിച്ചും അദ്ദേഹം വിശദമായി സദസ്യരുമായി പങ്കുവെച്ചു. ശ്രീ. ടി.കെ. നാരായണദാസ് സംസാരിച്ചു.

ശ്രീ. ടി.ആർ. അജയൻ അധ്യക്ഷത വഹിച്ച സെമിനാറിൽ പ്രൊഫ: സി. സോമശേഖരൻ സ്വാഗതവും, ശ്രീ. ശാന്തപ്പൻ നന്ദിയും പറഞ്ഞു. ശ്രീമതി. ജ്യോതിബായ് പരിയാടത്ത് പ്രരംഭം കുറിച്ചു.

ശ്രീ. രാമചന്ദ്രമേനോൻ, ശ്രീ. മോഹൻ മേനോൻ, ശ്രീമതി പദ്മശ്രീ, ശ്രീ. സാജൻ, ശ്രീ. ദേവനാരായണൻ, ശ്രീ. പുതുശ്ശേരി ജനാർദ്ദനൻ, ശ്രീ. പ്രജിത്ത്, ശ്രീ. ശ്രീജിത്ത്, ശ്രീമതി സരിഗ, ശ്രീ. ശരത്ത്, ശ്രീ. ഭാസ്കരൻ, ശ്രീ. ജയകുമാർ, ശ്രീ. മുകുന്ദൻ, ശ്രീ. മനോമോഹനൻ എന്നിവർ സദസ്സിൽനിന്നും സജീവമായി ചർച്ചയിൽ പങ്കെടുത്തു.

## 'മനസ്സിന് ചാര നിറമാണ്' – പ്രകാശനം

സുദർശൻ സതീശന്റെ കഥാപുസ്തകം 'മനസ്സിന് ചാര നിറമാണ്' പ്രകാശിതമായി. പീലിമിത്രയുടെ കവിതയിൽ ത്തുടങ്ങിയ പരിപാടി രാജേഷ് മേനോൻ, എം ശിവകുമാർ, ജ്യോതിബായി പരിയാടത്ത്, നയനൻ നന്ദിയോട്, രജീഷ് എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

# 'ദിശ' കലാപരിശീലന ക്യാമ്പ്




### പുതിയ തലമുറയെ കലയുടെ വിശാല ലോകത്തേക്ക് നയിക്കുക എന്നത് അക്കാദമിയുടെ ലക്ഷ്യം: ശ്രീ. മുരളി ചീരോത്ത്

സിലബസുകൾക്ക് അപ്പുറത്തേക്ക് കലയുടെ വിശാല ലോകത്തേക്ക് പുതിയ തലമുറയെ നയിക്കുകയും, അതിലൂടെ അവരെ മനുഷ്യരാക്കുക എന്നതുമാണ് ലളിത കലാ അക്കാദമിയുടെ ലക്ഷ്യമെന്ന് അക്കാദമി ചെയർപേഴ്സൺ ശ്രീ. മുരളി ചീരോത്ത് പറഞ്ഞു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി, കേരള ലളിതകലാ അക്കാദമിയുടെയും കേരള സാംസ്കാരിക വകുപ്പിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച 'ദിശ' കുട്ടികൾക്കുള്ള കലാപരിശീലന ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കുട്ടികളിൽ സർഗ്ഗാത്മകത വളർത്തുന്നതിനായി സംസ്ഥാനസർക്കാർ അക്കാദമികളിലൂടെ വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്നും അദ്ദേഹം എടുത്തു പറഞ്ഞു.

അക്കാദമി സെക്രട്ടറി ശ്രീ. എൻ. ബാലമുരളീകൃഷ്ണൻ അധ്യക്ഷത വഹിച്ചു. വേദിയിൽ വെച്ച് കോഴിക്കോട് സർവ്വകലാശാല എം.എ. പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ കുമാരി. എസ്. സൂര്യയെ പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ആദരിച്ചു. ശ്രീ. മുരളി ചീരോത്ത് ഉപഹാരവും, ശ്രീ. എൻ. ബാലമുരളീകൃഷ്ണൻ സാക്ഷ്യപത്രവും സമർപ്പിച്ചു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ സ്വാഗതവും, ശ്രീ. ആർ. ശാന്തകുമാരൻ മാസ്റ്റർ നന്ദിയും പറഞ്ഞു. കുമാരി അഖില. ടി പ്രാരംഭമായി കവിത ആലപിച്ചു.

എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി 170 കുട്ടികൾ ക്യാമ്പിൽ സജീവമായി പങ്കെടുത്തു. ശ്രീ. അനുരാഗ്കെ., ശ്രീ. ഹരി മുരളി എം.എൽ., ശ്രീമതി. ലക്ഷ്മി എസ്.എസ്., ശ്രീമതി. സന്ധ്യ എം.എസ്. എന്നിവർ ക്യാമ്പിനു നേതൃത്വം കൊടുത്തു..

### സൂര്യയുടെ തുടർപഠനം ലളിതകലാ അക്കാദമി ചെയർമാൻ ശ്രീ. മുരളി ചീരോത്ത് ഏറ്റെടുത്തു

കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും എം.എ. ഹിസ്റ്ററി പരീക്ഷയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ കുമാരി എസ്. സൂര്യയുടെ തുടർപഠന ചിലവുകൾ മുഴുവൻ തന്റെ നേതൃത്വത്തിലുള്ള ഒരു സഹൃദയ സംഘം ഏറ്റെടുക്കുമെന്ന് കേരള ലളിതകലാ അക്കാദമി ചെയർമാൻ ശ്രീ. മുരളി ചീരോത്ത്, കുമാരി എസ്. സൂര്യയെ അറിയിച്ചു. ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ, കുമാരി സൂര്യയുടെ തുടർപഠനത്തിന് വേണ്ട സഹായം നൽകണമെന്ന് അഭ്യർത്ഥിച്ചപ്പോൾ ആണ് അദ്ദേഹം ഈ വാഗ്ദാനം നൽകിയത്. ആദ്യ ഗഡുവെന്ന നിലയിൽ പതിനായിരം രൂപ അദ്ദേഹം സൂര്യയെ ഏൽപ്പിക്കുകയും ചെയ്തു. ലളിതകലാ സെക്രട്ടറി ശ്രീ. എൻ. ബാലമുരളീ കൃഷ്ണൻ, സൂര്യയുടെ പിതാവ് ശ്രീ. സുരേഷ്, ശ്രീ. ഉണ്ണികൃഷ്ണൻ മാസ്റ്റർ എന്നിവർ സന്നിഹിതരായിരുന്നു.

## അഴൽ മൂടിയ കന്യാവനങ്ങൾ പുസ്തകം പ്രകാശനം



**'അഴൽ മൂടിയ കന്യാവനങ്ങൾ'പത്രപ്രവർത്തകർക്കൊരു പാഠപുസ്തകം : ശ്രീ. വൈശാഖൻ**

ശ്രീ. കെ.വി. മോഹൻകുമാർ രചിച്ച 'അഴൽ മൂടിയ കന്യാവനങ്ങൾ' എന്ന പുസ്തകം പത്രപ്രവർത്തകർക്കൊരു പാഠപുസ്തകമാണെന്ന് ശ്രീ. വൈശാഖൻ. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി സംഘടിപ്പിച്ച പരിപാടിയിൽ, ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ശ്രീ. മുണ്ടൂർ സേതുമാധവൻ പുസ്തകം ഏറ്റുവാങ്ങി. ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ ശ്രീ. ജയൻ ശിവപുരം പുസ്തകം പരിചയപ്പെടുത്തി സംസാരിച്ചു. തന്റെ പ്രതികൂല ജീവിതസാഹചര്യങ്ങൾ കൈമുതലാക്കി ഉയർച്ചയുടെ പടവുകൾ കയറിയ ഒരു മനുഷ്യന്റെ അനുഭവസാക്ഷ്യമാണ് ഈ പുസ്തകമെന്ന് അദ്ദേഹം പുസ്തകത്തെ പരിചയപ്പെടുത്തി.

പ്രൊഫ: പി.എ. വാസുദേവൻ, ശ്രീ. നോബിൾ ജോസ്, ശ്രീ. ശ്രീനേഷ് എം., ശ്രീമതി. ജ്യോതിബായ് പരിയാടത്ത്, ഡോ: പി.ആർ. ജയശീലൻ, ശ്രീ. മനോജ് വീട്ടിക്കാട് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ശ്രീ. കെ.വി. മോഹൻകുമാർ മറുമൊഴി പറഞ്ഞു. ശ്രീ. സി.പി. പ്രമോദ് സ്വാഗതവും, പ്രൊഫ: എസ്. സോമശേഖരൻ നന്ദിയും പറഞ്ഞു. ശ്രീ. പ്രജിത്ത് ജെ ദാസ് പ്രാരംഭമായി കവിത ആലപിച്ചു.

## ബാലവേദി സർഗ്ഗരശ്മി - ശിശിരം

ബാലവേദി സർഗരശ്മിയുടെ പ്രതിമാസപരിപാടിയായ 'ശിശിരം' എന്ന പ്രോഗ്രാം ഡിസംബർ 24, 2 മണിക്ക് നടത്തി. ശ്രീമതി ജ്യോതിബായ് പരിയാടി സ്വാഗതം കുറിച്ചു. ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ അധ്യക്ഷത വഹിച്ചു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി ഉഷമാനാട്ട് ഉദ്ഘാടനം നിർവഹിച്ചു. പരിപാടിയിൽ ശ്രീ. മോഹൻദാസ് ശ്രീകൃഷ്ണപുരം ആശംസകൾ അർപ്പിച്ചു. ശ്രീമതി സുമംഗല ടീച്ചർ നന്ദി രേഖപ്പെടുത്തി. 50 ൽ ഏറെ കുട്ടികൾ കലാപരിപാടിയിലും ചിത്രരചനയിലും പങ്കെടുത്തു. കുട്ടികൾക്ക് ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻസ് അഡ്വക്കേറ്റ് ഷീബ നന്ദജൻ സർട്ടിഫിക്കറ്റ് നൽകി.

## Meet the Author- Mrs. R. Rajasree




**ജീവിതവുമായി ചേർന്നു നിൽക്കുന്നതാണ് സർഗാത്മകതയെന്ന്: ആർ. രാജശ്രീ**

മിക്കപ്പോഴും ജീവിതവുമായി ചേർന്നു നിൽക്കുന്നതാണ് സർഗാത്മകതയെന്ന് എഴുത്തുകാരി ആർ. രാജശ്രീ. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഹാളിൽ മീറ്റ് ദ ഓതർ പരിപാടിയിൽ സംസാരിക്കയായിരുന്നു അവർ.

പ്രതിനിധാനം ചെയ്യുന്ന പശ്ചാത്തലത്തോട് നീതി പുലർത്തുന്ന കൃതികൾ കാലാതിവർത്തികളായി നില നിൽക്കും. കൃതികളിൽ ആവർത്തന സ്വഭാവം എഴുത്തുകാരിൽ നിന്ന് വായനക്കാർ പ്രതീക്ഷിക്കുന്നു. കഥയുടെ യഥാർത്ഥ ഉള്ളടക്കവും ആത്മാവും നിലനിർത്താൻ ഒട്ടേറെത്തവണ തിരുത്തലുകളും മാറ്റിയെഴുത്തും നടത്തിയെന്നും രാജശ്രീ പറഞ്ഞു.

വളരെക്കാലമായി മനസ്സിലടക്കിവെച്ച ആശയങ്ങളും ചിന്തകളും വികാരങ്ങളുമെല്ലാമാണ് തന്റെ എഴുത്തിന്റെ പിന്നിലുള്ള പ്രചോദനവും അതിന്റെ സത്തയുമാണ് അവർ പറഞ്ഞു. ഞാൻ എന്തിനാണ് എഴുതുന്നതെന്ന ചോദ്യം എപ്പോഴും പ്രസക്തമാണ്. ആർ. രാജശ്രീയുടെ ആത്രേയകം എന്ന നോവലിനെ അവലംബിച്ചായിരുന്നു ചർച്ച. മാതൃഭൂമി ബുക്ക്സ്, ജില്ലാ പബ്ലിക് ലൈബ്രറിയുടെ സഹകരണത്തോടെയാണ് ചർച്ച സംഘടിപ്പിച്ചത്.

അഡ്വ. റെജീന നൂർജഹാൻ ചർച്ചയ്ക്ക് നേതൃത്വം നൽകി. ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ടി.ആർ. അജയൻ, സാഹിത്യകാരി ജ്യോതിബായ് പരിയാടത്ത്, 'മാതൃഭൂമി' പ്രത്യേക ലേഖകൻ വി. ഹരിഗോവിന്ദൻ എന്നിവർ സംസാരിച്ചു. എഴുത്തുകാരി നന്ദിനിമേനോൻ, പത്മനാഭൻ, ഗീത, ജോളി, രമേശ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

## Meet the Author- Ajai. P. Mangattu

**വായനക്കാർ ന്യൂനപക്ഷമാവുകയാണ് – അജയ്. പി. മങ്ങാട്ട്**



സമൂഹത്തിൽ എഴുത്തുകാരുടെ എണ്ണം കൂടുന്നുണ്ടെങ്കിലും വായനക്കാർ ന്യൂനപക്ഷമായി മാറുകയാണെന്ന് അജയ്. പി. മങ്ങാട്ട്. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി, മാതൃഭൂമിയും ആയി സഹകരിച്ചു

നടത്തിയ മീറ്റ് ദി ഓതേർ പ്രോഗ്രാമിൽ, സംസാരിക്കുക ആയിരുന്നു അദ്ദേഹം. കേരളത്തിലെ മൂന്നരകോടിയോളം വരുന്ന ജനസംഖ്യ യിൽ ചെറിയൊരു ശതമാനം മാത്രമാണ് വായനക്കാരായി നിലനിൽക്കുന്നത്. എഴുത്തുകാരൻ തന്റെ കൃതികളെ കുറിച്ച് സൂചന നല്കുന്നതോ ശരിയല്ലെന്നാണ് വിശ്വസി ക്കുന്നത്. അത് വായനക്കാരെ വഴി തെറ്റിക്കും. ഓരോ പുസ്തകം വായിക്കുമ്പോഴും ആ വായനക്കാരൻ എഴുത്തുകാരനുമായ സൗഹൃദമുണ്ടാകുന്നുണ്ട്, അജയ് .പി. മങ്ങാട്ട് പറഞ്ഞു. ഓർമ്മകളുടെ വാതിൽ തുറക്കും വിധം വായനക്കാരെ കൂട്ടികൊണ്ടു പോകാനാണ് ശ്രമിച്ചി ട്ടുള്ളത്. മനുഷ്യനെ പൂർണമായും നന്നാകാൻ ഒന്നിനെക്കൊണ്ടും പറ്റില്ലെന്നാണ് വിശ്വാസമെന്നും, എങ്കിലും പുസ്തകങ്ങൾ മനസിന് ആശ്വാസമേകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ, എഴുത്തുകാരായ ശ്രീ. മനോജ് വീട്ടിക്കാട്, ഡോ.പി. ആർ. ജയശീലൻ തുടങ്ങിയ വർ ചർച്ചയിൽ പങ്കെടുത്തു.

## സർഗ്ഗരശ്മി ബാലവേദി 'സ്നേഹം'



### പുതിയ കാലം ആവിഷ്കാരങ്ങൾക്ക് സാദ്ധ്യതകൾ നൽകുന്നത് : ശ്രീ. ടി.കെ. ശങ്കരനാരായണൻ

പുതിയ കാലം വിവിധ ആവിഷ്കാരങ്ങൾക്ക് ഏറെ സാദ്ധ്യതകൾ നൽകുന്നതാണെന്ന് സാഹിത്യകാരൻ ശ്രീ. ടി.കെ. ശങ്കരനാരായണൻ പറഞ്ഞു. ലൈബ്രറിയുടെ സർഗ്ഗരശ്മി ബാലവേദിയുടെ പ്രതിമാസ കൂടിയിരുപ്പായ 'സ്നേഹം' പരിപാടിയിൽ വിശിഷ്ടാതിഥിയായി പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പഴയ തലമുറയ്ക്ക് അസാധ്യമായിരുന്ന അത്തരം അവസരങ്ങൾ, പുതിയ കാലത്തെ കുട്ടികൾക്ക് കൂടുതൽ സാധ്യതകൾ ഒരുക്കുന്നുണ്ടെന്നത് സന്തോഷകരമാണെന്നും അദ്ദേഹം പറഞ്ഞു. ബാലവേദിയിലെ കുട്ടികൾ അവരുടേതായ കവിതകൾ, ആലാപനങ്ങൾ, നൃത്തനൃത്യങ്ങൾ, മറ്റ് നിരവധി സർഗ്ഗാത്മക അവതരണങ്ങൾ എന്നിവ നടത്തിയത് പരിപാടിയെ ഏറെ മനോഹരമാക്കി. നൂറ്റിമുപ്പത്തിലധികം കുട്ടികൾ സ്നേഹാവിഷ്കാരങ്ങളുമായി പങ്കെടുത്തു. ശ്രീമതി. ജ്യോതിബായ് പരിയാടത്ത്, ശ്രീ. ശാന്തപ്പൻ, ശ്രീമതി. സുമംഗല ടീച്ചർ എന്നിവർ സംസാരിച്ചു.

## എം.ടി. – മലയാളത്തിന്റെ സുകൃതം പാലക്കാടിന്റെ ആദരം



### നാലുകെട്ടും നിളയും – ഫോട്ടോ പ്രദർശനം.

നാലുകെട്ടും നിളയും – ഫോട്ടോ പ്രദർശനം ജില്ലാ കളക്ടർജി. പ്രിയങ്ക. ഐ.എ.എസ് ഉദ്ഘാടനം ചെയ്തു.

ജീവിതമെന്നത് വലിയ നുണയാണെന്നും മരണമെന്നതാണ് പരമ സത്യമെന്നും നമ്മെ ഓർമിപ്പിച്ചുകൊണ്ടിരുന്ന മലയാളത്തിന്റെ സുകൃതമായിരുന്നു പ്രിയങ്കരനായ എഴുത്തുകാരൻ എംടി. വാസുദേവൻ നായർ എന്ന് ജില്ലാകളക്ടർ. ജി. പ്രിയങ്ക പ്രസ്താവിച്ചു. നോവലിസ്റ്റ്, കഥാകൃത്ത്, പ്രഭാഷകൻ, തിരക്കഥാകൃത്ത്, ചലച്ചിത്ര സംവിധായകൻ, പത്രാധിപർ എന്നീ നിലകളിൽ മലയാള സാംസ്കാരിക ലോകത്തെ സവ്യസാചിയായിരുന്നു എം.ടി. എന്നുംഅവർ പറഞ്ഞു.

എം.ടിയെ ആദരരിക്കാൻ പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി, പുരോഗമന കലാ സാഹിത്യസംഘം, ജില്ലാ ലൈബ്രറി കൌൺസിൽ, സ്വരലയ, ഒ.വി. വിജയൻ സ്മാരകസമിതി, വനിതാ സാഹിതി എന്നിവരുടെ നേതൃത്വത്തിൽ പാലക്കാട്ടെ പൗരാവലി ഒരുക്കുന്ന എം.ടി.– മലയാളത്തിന്റെ സുകൃതം, പാലക്കാടിന്റെ ആദരം എന്ന പരിപാടിയുടെ ഭാഗമായ നാലുകെട്ടും നിളയും എന്ന ഫോട്ടോ പ്രദർശനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ.

എം.ടി യുടെ നാലുകെട്ട് എന്ന നോവലിനെ ആസ്പദമാക്കിയുള്ള ശ്രീ. ഡി. മനോജ് വൈക്കത്തിന്റെ നാലുകെട്ടും നിളയും എന്ന ഫോട്ടോ പ്രദർശനം രണ്ടര വർഷക്കാലം കൊണ്ട് എം.ടി യുടെ ജന്മദേശമായ കൂടല്ലൂരിൽ പകർത്തിയ ഫോട്ടോ ഗ്രാഫിക് പരമ്പരയിൽ നിന്ന് തെരഞ്ഞെടുത്ത 60 ചിത്രങ്ങളുടെ പ്രദർശനമാണ്. കൂടല്ലൂരിന്റെ പ്രകൃതിയും ജീവിതവും ആചാരാനുഷ്ഠാനങ്ങളും ഉൾപ്പെടുത്തി നാലുകെട്ട് എന്ന നോവൽഎം.ടി. എങ്ങനെ രൂപപ്പെടുത്തി എന്ന ചിത്രങ്ങളിലൂടെയുള്ള പഠനമാണീ പ്രദർശനം.

ഉദ്ഘാടനയോഗത്തിൽ പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ അധ്യക്ഷത വഹിച്ചു. ഛായാഗ്രാഹകൻ ഡി. മനോജ് വൈക്കം നാലുകെട്ട്, കാലം, അസുരവിത്ത് എന്നീ കൃതികളിലേ കഥാസന്ദർഭങ്ങളും നിളയും ചേർന്നതാണ് ഈ പഠനം എന്ന് അടയാളപ്പെടുത്തി.

കെ. വിഷ്ണു പ്രാരംഭം കുറിച്ച യോഗത്തിൽ ടി.കെ. നാരായണദാസ്, നന്ദിനി മേനോൻ, .പി.എൻ. മോഹനൻ

മാസ്റ്റർ എന്നിവർ ആശംസകൾ നേർന്നു. ജില്ലാ കളക്ടർക്കുള്ള പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി അംഗത്വം പ്രൊഫ. സി. സോമശേഖരൻ സമർപ്പിച്ചു.

ശ്രീമതി രജനി ഗണേഷ് രചിച്ച ഉന്മാദിനിയുടെ രാപ്പാട്ട് എന്ന കവിതാ സമാഹാരം ജില്ലാ കളക്ടർജി. പ്രിയ ജില്ലാ ലൈബ്രറി കൌൺസിൽ പ്രസിഡന്റ് ടി.കെ. നാരായണദാസിന് നൽകി പ്രകാശനം ചെയ്തു.

പ്രൊഫ. കെ.മോഹൻദാസ് സ്വാഗതവും സംഘാടക സമിതി കൺവീനർ ആർ. ശാന്തകുമാരൻമാസ്റ്റർ നന്ദിയും പ്രകാശിപ്പിച്ചു.




## എം.ടി. ഏകാകികളുടെ കഥാകാരൻ-വൈശാഖൻ

മലയാളസാഹിത്യലോകത്തു ഏകാകികളുടെ കഥാകാരനാണു എം.ടി. വാസുദേവൻനായരെന്ന് എഴുത്തുകാരൻ വൈശാഖൻ . ഓരോ മലയാളിക്കും ഒരോ എം.ടി. ഉണ്ടെന്നും എം.ടി. സ്മൃതിസംഗമം ഉത്ഘാടനം ചെയ്തു അദ്ദേഹം പറഞ്ഞു. പുരോഗമനകലാസാഹിത്യസംഘം, സ്വരലയ, ജില്ലാ ലൈബ്രറി കൌൺസിൽ, ജില്ലാ പബ്ലിക് ലൈബ്രറി, ഒ.വി. വിജയൻ സ്മാരകസമിതി, വനിതാ സാഹിതി എന്നിവയാണ് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ പരിപാടി സംഘടിപ്പിച്ചത്. എല്ലാ മലയാളികളുടെ ജീവിതത്തിലും എം.ടി. യുടെ ഒരു കഥാപാത്രമെങ്കിലും ഉണ്ടാകുമെന്നും വായിക്കുമ്പോൾ അത് താനാണല്ലോ എന്ന് തോന്നുമെന്ന് വൈശാഖൻ പറഞ്ഞു. ജീവിതത്തിൽ എപ്പോഴെങ്കിലും ഒറ്റപെട്ടന്നു തോന്നുമ്പോൾ എം.ടി. യാണ് അവരുടെ കൈപിടിക്കുന്നതുമെന്നും എം.ടി. യുമായുള്ള ഓർമ്മകൾ പങ്കുവെച്ചു അദ്ദേഹം പറഞ്ഞു. സ്വരലയ പ്രസിഡന്റ് എൻ.എൻ കൃഷ്ണദാസ് അധ്യക്ഷൻ ആയി. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ, മുണ്ടൂർ സേതുമാധവൻ, പബ്ലിക് ലൈബ്രറി സെക്രട്ടറി ടി.ആർ. അജയൻ, ടി.കെ. നാരായണദാസ്, ഡോ. പി. സരിൻ, കൺവീനർ ആർ. ശാന്താകുമാരൻ, പുരോഗമന കലാ സാഹിത്യസംഘം പ്രസിഡന്റ് സി.പി. ചിത്രഭാനു. തുടങ്ങിയവർ സംസാരിച്ചു. കെ.പി. മോഹനൻ, ഇ.പി. രാജഗോപാൻ, മിനിപ്രസാദ്, മണമ്പൂർ രാജൻബാബു, ഫാറൂഖ് അബ്ദുൽറഹ്മാൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തി.

## എം.ടി. ചിത്രപ്രദർശനം

വിവിധ സാംസ്കാരിക സംഘടനകൾ, പാലക്കാട് സംഘടിപ്പിച്ച എം.ടി. അനുസ്മരണപരിപാടിയുടെ ഭാഗമായിട്ടുള്ള ചിത്രപ്രദർശനം മാർച്ച് അഞ്ചുവരെ ജില്ലാ പബ്ലിക് ലൈബ്രറിയിൽ നടന്നു. എം.ടി. യുടെ ജീവന്റെ വിവിധഘട്ടങ്ങളുടെ 180 ചിത്രങ്ങൾ ഉൾപ്പെടുന്നതാണ് പ്രദർശനം. എം.ടി. കാലങ്ങളിലൂടെ ഒരുപ്രയാണം' എന്ന ആദ്യഭാഗത്തു എം.ഷാജി തയാറാക്കിയ കുറിപ്പുകളുടെ അടിസ്ഥാനത്തിൽ ദേവപ്രകാശ് വരച്ച 14 രേഖാചിത്രങ്ങൾ ആണ് ഉള്ളത്. എം.ടി. യുടെ ജീവിതം ഛായാചിത്രങ്ങളിലൂടെ എന്ന രണ്ടാം ഭാഗത്തിൽ 92 ചിത്രങ്ങളുണ്ട്. പുനലൂർ രാജൻ, റസാഖ് കോട്ടക്കൽ, ആർ.വി. സതി, കെ.ആർ. വിനയൻ, പി.വി. സുജിത്, എസ്. ഹരിഹരൻ, കെ. രാഗേഷ്,ജഗത്‌ലാൽ, അജിത്കുമാർ എന്നിവരുടെ ചിത്രങ്ങൾ ആണ് ഈ ഭാഗത്തുള്ളത്. എം.ടി. യുടെ ഉദ്ധരണികൾ എന്ന വിഭാഗത്തിൽ, നാലുകെട്ട്, അസുരവിത്തു, കാലം, മഞ്ഞ്, രണ്ടാമൂഴം, വാനപ്രസ്ഥം, എന്നീ നോവലുകളിൽ നിന്നും ലേഖനങ്ങളിൽ നിന്നും പ്രഭാഷണങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 30 എണ്ണം ഉൾപെടുത്തിയിട്ടുണ്ട്. എം.ടി. തിരക്കഥയെഴുതിയ, അല്ലെങ്കിൽ സംവിധാനം ചെയ്യുകയോ ചെയ്ത ചലച്ചിത്രങ്ങളുടെ 44 പോസ്റ്ററുകളാണ് അവസാനഭാഗത്തിൽ.

# വായന - 'ബംഗ'

**സാഹിത്യകൃതികൾ വായനയോടെ തീരുന്നില്ല : ഡോ. ആർ. ചന്ദ്രബോസ്**



സാഹിത്യകൃതികൾ അവയുടെ വായനയോടെ തീരുന്നില്ല എന്നും, അവ സമൂഹത്തിലും ചിന്തകളിലും തുടർന്ന് പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു എന്നും കേന്ദ്ര കേരള സർവകലാശാല പ്രൊഫസർ ഡോ: ആർ. ചന്ദ്രബോസ് പറഞ്ഞു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയുടെ വായന-പ്രതിമാസ പുസ്തക ചർച്ച പരിപാടിയിൽ, ഡോ: സി. ഗണേഷ് രചിച്ച 'ബംഗ' എന്ന നോവലിന്റെ ചർച്ച ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബംഗാളിന്റെ ചരിത്രത്തിലേക്ക് കേന്ദ്രീകരിക്കുകയും, ഒപ്പം സമകാല പ്രശ്നങ്ങളെ അഭിസംബോധനയും ചെയ്യുന്ന നോവലാണ് ബംഗ എന്ന് ഡോ: ചന്ദ്രബോസ് സൂചിപ്പിച്ചു. എവിടെ നിന്നും പ്രവേശിക്കാവുന്ന എഴുത്തുഘടന നോവലിന്റെ പ്രത്യേകതയാണെന്നും, ഇന്ത്യയുടെ നാനാത്വത്തിൽ ഏകത്വം എന്ന സ്വഭാവത്തെ ആവിഷ്കരിക്കുന്ന 'ഒരു ഇന്ത്യൻ നോവൽ' ആണ് ബംഗ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ, പ്രൊഫ: പി.എ. വാസുദേവൻ, ഡോ: പി. സരിൻ, ശ്രീ. മനോജ് വീട്ടിക്കാട്, ശ്രീമതി. ശ്രീകലാ മേനോൻ, ശ്രീ. ജിനു എന്നിവർ ചർച്ചയ്ക്ക് നേതൃത്വം കൊടുത്ത് സംസാരിച്ചു. സദസ്സിൽ നിന്നും ശ്രീ. ഇ. ജയചന്ദ്രൻ, ശ്രീ. ജെ. വാസൻ, ശ്രീ. കണ്ണൻ ഇമേജ്, ശ്രീ. രാജേന്ദ്രൻനായർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ഡോ: സി. ഗണേഷ് മറുമൊഴി പറഞ്ഞു. ശ്രീ. മഹേന്ദർ സ്വാഗതവും, ശ്രീ. മുരളി എസ് കുമാർ നന്ദിയും പറഞ്ഞു.

# പുസ്തക പ്രകാശനം



## തിരുവള്ളുവരുടെ തിരുക്കുറൾ തിരുകുറളിന്റെ മലയാള പരിഭാഷ പ്രകാശനം ചെയ്തു.

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയിൽ മാർച്ച് 16, നടന്ന പ്രകാശന പരിപാടിയിൽ എഴുത്തുകാരൻ ശ്രീ. ടി.കെ. ശങ്കരനാരായണന് ആദ്യപത്രി നൽകി മധുര ത്യാഗരാജാകോളേജ് അധ്യാപകൻ ഡോക്ടർ ജ്ഞാന സംബന്ധൻ പുസ്തകം പ്രകാശനം ചെയ്തു. ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ടി.ആർ. അജയൻ അധ്യക്ഷൻ ആയി. നിരൂപകൻ ശ്രീ. ആഷാ മേനോൻ, നോവലിസ്റ്റ് പി.വി. സുകുമാരൻ, ഡോ. പി. മുരളി, പ്രൊഫ. കെ. മോഹൻദാസ് എന്നിവർ പ്രസംഗിച്ചു. ജീവിതത്തിനു തിരിച്ചറിവ് നൽകുന്ന തിരുകുറലിന്റെ വെളിച്ചം മലയാളത്തിന് നല്കാനാകുന്നത് അഭിമാനമാണെന്ന് ശ്രീമതി. രാധ അച്യുതൻ പറഞ്ഞു. ശ്രീ. വിഷ്ണു പ്രാരംഭം കുറിച്ച പരിപാടിയിൽ പ്രൊഫ. സി. സോമശേഖരൻ നന്ദി പറഞ്ഞു.

# ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയും, പാലക്കാട് എക്സൈസ് റേഞ്ച് ഓഫീസും സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്, പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയിൽ നടന്നു. വളർന്നു വരുന്ന യുവ തലമുറയെ ലഹരിയിൽ നിന്ന് സംരക്ഷിക്കുകയും അവരെ ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാക്കുകയും ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികളെയും യുവാക്കളെയും നമ്മുടെ സമൂഹത്തെയും വായനാശീലത്തിന്റെ പ്രാധാന്യത്തെ ഉൾക്കൊണ്ട് ബോധവത്കരണം നടത്തുക എന്നതായിരുന്നു ലക്ഷ്യവും. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ശ്രീ. ബെന്നി. കെ. സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ പ്രൊഫ. ശ്രീ. മോഹൻദാസ് അധ്യക്ഷൻ ആയി. വിമുക്തി കോ-ഓർഡിനേറ്റർ, ശ്രീ. രമേശ്.ആർ ലഹരിവിരുദ്ധ ക്ലാസ് നയിച്ചു. പ്രൊഫ. സി. സോമശേഖരൻ അദ്ധ്യക്ഷനായി.

# MEET THE AUTHOR - SANDHYA MARY




## "മരിയയെ അബ്നോർമലാക്കുന്നത് വായനക്കാരുടെ രാഷ്ട്രീയം" – സന്ധ്യമേരി

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയിൽ നടന്ന മീറ്റ് ദി ഔതോർ പരിപാടിയിൽ, മരിയ വെറും മരിയ എന്ന പുസ്തകത്തിന്റെ വിശേഷങ്ങൾ വായനക്കാരുമായി പങ്കുവെക്കുക ആയിരുന്നു അവർ. സമൂഹം ആവശ്യപ്പെടുന്നത് കുടുംബ സാമൂഹ്യ വ്യവസ്ഥിതിക്കുള്ളിൽ നിന്ന് ജീവിക്കാൻ. മരിയ ഇഷ്ടപ്പെടുന്നത് ചിന്താഗതിക്കനുസരിച്ചു സ്വത്രമായി ജീവിക്കാൻ. നോവലിലെ ആരും മോശമായി ജീവിക്കുന്നവരല്ല. സമൂഹമാണ് അങ്ങനെയാകുന്നത്.സ്ത്രീകളുടേതായി ചർച്ച ചെയ്യണ്ടേ മറ്റു പല വിഷയങ്ങൾ ഉണ്ട്. ഇത്തരം പുസ്തകങ്ങൾ വായിക്കുമ്പോൾ അത്തരം ചർച്ചകൾ ഉണ്ടാകട്ടെ എന്ന് വായനക്കാരുടെ ചോദ്യങ്ങൾക്കു മറുപടി ആയി അവർ പറഞ്ഞു .പ്രീത പാതാരി എഴുത്തുകാരുമായി സംവദിച്ചു .ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ അധ്യക്ഷനായി. ഡോ. പി.ആർ. ജയശീലൻ, മനോജ് വീട്ടിക്കാട് തുടങ്ങിയവർ സംസാരിച്ചു .

# ബാലവേദി – 'ഒഴിവുകാലം'



## കല മനസ്സിന്റെ സാന്ത്വനമാണ്: ശ്രീമതി. മാനസി

കല മനസ്സിന്റെ സാന്ത്വനമാണ് എന്ന് എഴുത്തുകാരി ശ്രീമതി. മാനസി. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയുടെ ബാലവേദിയുടെ 'ഒഴിവുകാലം' എന്ന വിഷയത്തിലെ ഒത്തുകൂടൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. വലിയ ഭാവി കുട്ടികൾക്ക് മുന്നിലുണ്ട് എന്ന ഓർമ്മപ്പെടുത്തലാണ് ലൈബ്രറിയുടെ ഈ നിരന്തര ശ്രമം എന്ന് മാനസി അഭിനന്ദിച്ചു. ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ.അജയൻ അധ്യക്ഷത വഹിച്ചു. പ്രൊഫ: കെ. മോഹൻദാസ്, ജ്യോതിബായ് പരിയാടത്ത് , മോഹൻദാസ് ശ്രീകൃഷ്ണപുരം, ശാന്തപ്പൻ മാസ്റ്റർ എന്നിവർ സംസാരിച്ചു. തുടർന്ന് ബാലവേദി അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു.

# 'പ്രചോദനാത്മക ബുധനാഴ്ച'



ജില്ലാകളക്ടറുടെ വിദ്യാർത്ഥികളുമായുള്ള മുഖപരിപാടി ആരംഭിച്ചു.

സമൂഹത്തിൽനിരന്തരമായ മത്സരം നേരിടുന്ന വിദ്യാർഥികൾ ജീവിതത്തിൽ ആഗ്രഹിക്കുന്ന വിജയം കൈവരിക്കണമെങ്കിൽ കഠിനാധ്വാനവും നൈപുണ്യ വികസനവും വായനയും അനിവാര്യമാണെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐ.എ.എസ്. പ്രസ്താവിച്ചു.

'പ്രചോദനാത്മക ബുധനാഴ്ച' എന്ന പേരിൽ എല്ലാ ബുധനാഴ്ചയും രാവിലെ പത്തുമണിക്ക് ജില്ലാ കളക്ടറുടെ ചേംബറിലും ജില്ലാ പബ്ലിക് ലൈബ്രറിയിലുമായി അരങ്ങേറുന്ന ജില്ലാ കളക്ടർ ജി. പ്രിയങ്ക. ഐ.എ. എസ് ഭാവന ചെയ്തു ആവിഷ്കരിക്കുന്ന ജില്ലാ കളക്ടറുടെ വിദ്യാർത്ഥികളുമായുള്ള മുഖപരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കളക്ടർ.

മയക്കുമരുന്നുകൾക്കെതിരെയുള്ള പ്രചാരണവും ശരിയായ ഭക്ഷണക്രമവും അറിവ് നേടാനുള്ള അദമ്യമായ ആഗ്രഹവും പ്രവർത്തനവും ലക്ഷ്യപ്രാപ്തിക്കു വേണ്ടിയുള്ള നിതാന്ത പരിശ്രമവും യുവാക്കൾ ജീവിതചര്യയാക്കണമെന്നും അവർ ആവശ്യപ്പെട്ടു.

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി, സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ സഹകരണത്തോടെയാണ് ജില്ലാ ഭരണകൂടം ഈ പദ്ധതി നടപ്പിലാക്കുന്നത്.

പാലക്കാട് പി.എം.ജി. ഹൈസ്കൂളിലെ 25 വിദ്യാർത്ഥികളാണ് ജില്ലാ കളക്ടറുമായി മുഖാമുഖത്തിന് എത്തിയത്. എല്ലാ വിദ്യാർത്ഥികളും അവരുടെ ഭാവി ലക്ഷ്യങ്ങൾ കളക്ടറുമായി പങ്കുവെക്കുകയും അവരുടെ സംശയങ്ങൾ ദുരീകരിക്കുകയും ചെയ്തു.

ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ടി.ആർ. അജയൻ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചീഫ് മാനേജർ വിനോദ് കുമാർ, പി.എം.ജി. ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് നിർമ്മല എന്നിവർ കുട്ടികളുമായി സംവദിച്ചു. പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും കളക്ടർ ഒപ്പിട്ട പുസ്തകങ്ങൾ സമ്മാനിച്ചു. തുടർന്ന് കുട്ടികളും അധ്യാപകരും പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി സന്ദർശിക്കുകയും വായനക്കായി സമയം കണ്ടെത്തുകയും ചെയ്തു. എല്ലാ ബുധനാഴ്ചകളിലും പാലക്കാട് ജില്ലയിലെ ഓരോ സ്കൂളുകളിലെ വിദ്യാർത്ഥികളുമായി ഈ സമാഗമം തുടരും.

## Inspiring Wednesday -2

പാലക്കാട് ജില്ലാ കളക്ടറുടെ വിദ്യാർത്ഥികളുമായുള്ള മുഖപരിപാടി ഇന്ന് നടന്നു. സമൂഹത്തിൽ നിരന്തരമായ മത്സരം നേരിടുന്ന വിദ്യാർഥികൾ ജീവിതത്തിൽ ആഗ്രഹിക്കുന്ന വിജയം കൈവരിക്കണമെങ്കിൽ കഠിനാധ്വാനവും നൈപുണ്യവികസനവും വായനയും അനിവാര്യമാണെന്ന് ജില്ലാ കളക്ടർജി പ്രിയങ്ക ഐ.എ.എസ്. അഭിപ്രായപ്പെട്ടു. എല്ലാ ബുധനാഴ്ചയും രാവിലെ പത്തുമണിക്ക് ജില്ലാ കളക്ടറുടെ ചേംബറിലും ജില്ലാ പബ്ലിക് ലൈബ്രറിയിലുമായി അരങ്ങേറുന്ന ജില്ലാ കളക്ടർ ജി. പ്രിയങ്ക. ഐ.എ.എസ്. ഭാവന ചെയ്തു ആവിഷ്കരിക്കുന്ന ജില്ലാ കളക്ടറുടെ വിദ്യാർത്ഥികളുമായുള്ള മുഖപരിപാടി, ചില ഔദ്യോഗിക തിരക്കുകൾ മൂലം ഇന്ന് ചൊവ്വാഴ്ച ആണ് നടന്നത്.

മയക്കുമരുന്നുകൾക്കെതിരെയുള്ള പ്രചാരണവും ശരിയായഭക്ഷണ ക്രമവും അറിവ് നേടാനുള്ള അദമ്യമായ ആഗ്രഹവും പ്രവർത്തനവും ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള നിതാന്ത പരിശ്രമവും കുട്ടികൾ ജീവിതചര്യയാക്കണമെന്നും അവർ ആവശ്യപ്പെട്ടു.



പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി, സംസ്ഥാന വിദ്യാഭ്യാസവകുപ്പ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ സഹകരണത്തോടെയാണ് ജില്ലാ ഭരണകൂടം ഈ പദ്ധതി നടപ്പിലാക്കുന്നത്. പാലക്കാട്, ബിഗ്ബസാർ ഹൈസ്കൂളിലെ 25 വിദ്യാത്ഥികളാണ് ജില്ലാകളക്ടറുമായി മുഖാമുഖത്തിന് എത്തിയത്. പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും കളക്ടർ ഒപ്പിട്ട പുസ്തകങ്ങൾ സമ്മാനിച്ചു. തുടർന്ന് കുട്ടികളും അധ്യാപകരും പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി സന്ദർശിക്കുകയും വായനക്കായി സമയം കണ്ടെത്തുകയും ചെയ്തു.

### Inspiring Wednesday -3

പാലക്കാട് ജില്ലാ കളക്ടറുടെ വിദ്യാർത്ഥികളുമായുള്ള മുഖപരിപാടി ഇന്ന് നടന്നു. സമൂഹത്തിൽ നിരന്തരമായ മത്സരം നേരിടുന്ന വിദ്യാർഥികൾ ജീവിതത്തിൽ ആഗ്രഹിക്കുന്ന വിജയം കൈവരിക്കണമെങ്കിൽ, തന്റെ ലക്ഷ്യത്തിനുവേണ്ടിയുള്ള കഠിനാധ്വാനവും നൈപുണ്യ വികസനവും വായനയും അനിവാര്യമാണെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐ.എ.എസ്. അഭിപ്രായപ്പെട്ടു. എല്ലാ ബുധനാഴ്ചയും രാവിലെ പത്തുമണിക്ക് ജില്ലാ കളക്ടറുടെ ചേംബറിലും ജില്ലാ പബ്ലിക് ലൈബ്രറിയിലുമായി അരങ്ങേറുന്ന ജില്ലാ കളക്ടർ ജി. പ്രിയങ്ക. ഐ.എ. എസ് ഭാവന ചെയ്തു ആവിഷ്കരിക്കുന്ന ജില്ലാ കളക്ടറുടെ വിദ്യാർത്ഥികളുമായുള്ള മുഖപരിപാടി അതിന്റെ മൂന്നാമത്തെ കൂടിക്കാഴ്ചയാണ് ഇന്ന് വെള്ളിയാഴ്ച നടന്നത്. മയക്കുമരുന്നുകൾക്കെതിരെ യുള്ള പ്രചാരണവും ശരിയായ ഭക്ഷണക്രമവും അറിവ് നേടാനുള്ള അദമ്യമായ ആഗ്രഹവും പ്രവർത്തനവും ലക്ഷ്യപ്രാപ്തിക്കു വേണ്ടിയുള്ള നിതാന്ത പരിശ്രമവും കുട്ടികൾ ജീവിതചര്യയാക്കണമെന്നും അവർ ആവശ്യപ്പെട്ടു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി, സംസ്ഥാന വിദ്യാഭ്യാസവകുപ്പ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ സഹകരണത്തോടെയാണ് ജില്ലാ ഭരണകൂടം ഈ പദ്ധതി നടപ്പിലാക്കുന്നത്. പാലക്കാട്, കോട്ടായി ഹൈസ്കൂളിലെ 26 വിദ്യാത്ഥികളാണ് ജില്ലാ കളക്ടറുമായി മുഖാമുഖത്തിന് എത്തിയത്. പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും കളക്ടർ ഒപ്പിട്ട പുസ്തകങ്ങൾ സമ്മാനിച്ചു. തുടർന്ന് കുട്ടികളും അധ്യാപകരും കളക്ടറേറ്റിൽ ഇന്റേൺഷിപ് ചെയുന്ന 6 പേരും പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി സന്ദർശിക്കുകയും വായനക്കായി സമയം കണ്ടെത്തുകയും ചെയ്തു.



### Inspiring Wednesday -4

ഇൻസ്പയറിങ്വെഡ്നെസ്ഡേ പദ്ധതിയുടെഭാഗമായി GVHSS , Kanjikode സ്കൂളിലെ 24 വിദ്യാർത്ഥികൾ ജില്ലാ കളക്ടറേറ്റ് സന്ദർശിച്ചു. ജില്ലാകളക്ടർ വിദ്യാർത്ഥികളുമായി ഇടപഴകുകയും അവരുടെ അഭിലാഷങ്ങൾ മനസിലാക്കാനും അവരുടെ ആശങ്കകൾ കേൾക്കാനും ലക്ഷ്യത്തോടെ ആത്മവിശ്വാസത്തോടെ ലക്ഷ്യങ്ങൾ പിന്തുടരാനും അവരെ പ്രേരിപ്പിക്കുകയും ചെയ്തു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സ്പോൺസർഷിപ്പിലൂടെ നൽകിയ പുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. ഇതേതുടർന്ന് വിദ്യാർത്ഥികളെ പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയിലേക്കു കൊണ്ട് പോയി. ലൈബ്രറിയുടെ സൗകര്യങ്ങളും, പഠന അവസരങ്ങളും പരിചയപെടുത്തുന്നതിനായി ഒരു സന്ദർശനം ഉണ്ടായി. ഈ പരിപാടി പഠനത്തോടുള്ള സ്നേഹം വളർത്തുകയും വലിയ സ്വപ്നം കാണാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

### Inspiring Wednesday -5

പാലക്കാട് ജില്ലാ കളക്ടറുടെ വിദ്യാർത്ഥികളുമായുള്ള മുഖപരിപാടി ഇന്ന് നടന്നു. സമൂഹത്തിൽ നിരന്തരമായ മത്സരം നേരിടുന്ന വിദ്യാർത്ഥികൾ ജീവിതത്തിൽ ആഗ്രഹിക്കുന്ന വിജയം കൈവരിക്കണമെങ്കിൽ, തന്റെ ലക്ഷ്യത്തിനു വേണ്ടിയുള്ള കഠിനാധ്വാനവും, വായനയും അനിവാര്യമാണെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐ.എ.എസ്. അഭിപ്രായപ്പെട്ടു. എല്ലാ ബുധനാഴ്ചയും രാവിലെ പത്തുമണിക്ക് ജില്ലാകളക്ടറുടെ ചേംബറിലും ജില്ലാ പബ്ലിക് ലൈബ്രറിയിലുമായി അരങ്ങേറുന്ന ജില്ലാ കളക്ടർ ജി.പ്രിയങ്ക. ഐ.എ.എസ് ഭാവന ചെയ്തു ആവിഷ്കരിക്കുന്ന ജില്ലാ കളക്ടറുടെ വിദ്യാർത്ഥികളുമായുള്ള മുഖപരിപാടി അതിന്റെ അഞ്ചാമത്തെ കൂടിക്കാഴ്ചയാണ് ഇന്ന് നടന്നത്. മയക്കുമരുന്നുകൾക്കെതിരെയുള്ള പ്രചാരണവും ശരിയായ ഭക്ഷണക്രമവും അറിവ് നേടാനുള്ള അദമ്യമായ ആഗ്രഹവും പ്രവർത്തനവും ലക്ഷ്യപ്രാപ്തിക്കു വേണ്ടിയുള്ള നിതാന്ത പരിശ്രമവും കുട്ടികൾ ജീവിതചര്യയാക്കണമെന്നും അവർ ആവശ്യ പ്പെട്ടു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി, സംസ്ഥാന വിദ്യാഭ്യാസവകുപ്പ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവ യുടെ സഹകരണത്തോടെയാണ് ജില്ലാ ഭരണകൂടം ഈ പദ്ധതി നടപ്പിലാക്കുന്നത്. പാലക്കാട്, ചിറ്റൂർ വിക്ടോറിയ ഗേൾസ് ഹൈസ്കൂളിലെ 25 വിദ്യാർത്ഥി കളാണ് ജില്ലാ കളക്ടറുമായി മുഖാമുഖത്തിന് എത്തിയത്.



### Inspiring Wednesday -6

ജി.യു.പി.എസ് പുതിയങ്കം സ്കൂളിലെ വിദ്യാർത്ഥികൾ ജില്ലാ കളക്ടറേറ്റ് സന്ദർശിക്കുകയും ജില്ലാ കളക്ടറുമായി സംവദിക്കുകയും ചെയ്തു. സംഭാഷണം പ്രധാനമായും, പുസ്തകങ്ങൾ വായിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും, ഒരു വായനാശീലം വികസിപ്പിക്കുന്നതിനെ കുറിച്ചുമായിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്പോൺസർ ചെയ്യുന്ന പുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. തുടർന്ന് വിദ്യാർത്ഥികൾ പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി സന്ദർശിക്കുകയും വായനക്കായി സമയം കണ്ടത്തുകയും ചെയ്തു.

## MEET THE AUTHOR- Ms. NANDINI MENON




'ലക്ഷ്യമില്ലാത്ത യാത്രകളുടെ ആകെത്തുകയാണ് തന്റെ യാത്രാവിവരണങ്ങൾ' – ശ്രീമതി. നന്ദിനി മേനോൻ തയാറെടുപ്പുകളും ലക്ഷ്യങ്ങളുമില്ലാത്ത യാത്രകളുടെ ആകെത്തുകയാണ് തന്റെ യാത്ര വിവരണങ്ങളെന്നു എഴുത്തുകാരി ശ്രീമതി. നന്ദിനി മേനോൻ പാലക്കാട് ജില്ലാപബ്ലിക് ലൈബ്രറിയും മാതൃഭൂമി ബുക്സും നടത്തിയ മീറ്റ് ദി ഓതർ പരിപാടിയിൽ, 'ഭൂട്ടാൻ വിശുദ്ധ ഭ്രാന്തിന്റെ വഴിത്താരകൾ' എന്ന പുസ്തകത്തിന്റെ പശ്ചാത്തലത്തിൽ സംസാരിക്കുകയായിരുന്നു അവർ. തന്നെ പെണ്ണെഴുത്തുകാരിയെന്നോ, യാത്രക്കാരിയെന്നോ, വിശേഷിപ്പിക്കരുത് എന്ന് അവർ പറഞ്ഞു. സ്ത്രീ ആയതുകൊണ്ട് ചില മുൻഗണനകൾ ബസ്തർ യാത്രയിൽ പോലെ ചിലയിടങ്ങളിൽ ലഭിച്ചിരുന്നു. ഭൂട്ടാനിൽ ഒറ്റയ്ക്കു നടത്തിയ യാത്രകളുടെ കാഴ്ചകളാണ് – 'ഭൂട്ടാൻ വിശുദ്ധ ഭ്രാന്തിന്റെ വഴിത്താരകൾ' എന്ന പുസ്തകത്തിൽ പറയുന്നത്. ശ്രീമതി. നന്ദിനി മേനോൻ പറഞ്ഞു. ഡോ. പി. ആർ. ജയശീലൻ, ശ്രീമതി. നന്ദിനി മേനോനെ പരിചയപ്പെടുത്തി. ജീവിതം തുടിച്ചു നിൽക്കുന്ന എഴുത്താണെന്ന് അദ്ദേഹം പറഞ്ഞു. എഴുത്തുകാരി വായനക്കാരുമായി സംവദിച്ചു. ശ്രീ. കെ. അശോക് തമ്പാൻ ചർച്ച നയിച്ചു. ശ്രീ. ടി.ആർ. അജയൻ, ശ്രീ. സുരേഷ് മോഹൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## ബാലവേദി– പാഠശാലയിലേക്ക്

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയുടെ ബാലവേദിയുടെ പാഠശാലയിലേക്ക് എന്ന വിഷയത്തിലെ ഒത്തു കൂടൽ നടന്നു. വലിയ ഭാവി കുട്ടികൾക്ക് മുന്നിലുണ്ട് എന്ന ഓർമ്മപ്പെടുത്തലാണ് ലൈബ്രറിയുടെ ഈ നിരന്തര ശ്രമം. ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ അധ്യക്ഷത വഹിച്ചു. പ്രൊഫ: കെ. മോഹൻദാസ്, ജ്യോതിബായ് പരിയാടത്ത്, ശാന്തപ്പൻ മാസ്റ്റർ എന്നിവർ സംസാരിച്ചു. തുടർന്ന് ബാലവേദി അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു.

## രസതന്ത്ര ശില്പശാല



വായനയുടെ പുതിയ മാനങ്ങളും എഴുത്തിന്റെ രസതന്ത്രവും ചർച്ച ചെയ്തു പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയും മലയാള മനോരമയും ചേർന്ന് "രസതന്ത്ര ശില്പശാല" നടത്തി. ന്യൂജൻ കുട്ടികളുടെ പ്രസരിപ്പും ആവേശവും ഒത്തുചേർന്ന ശില്പശാലയിൽ വിദ്യാർത്ഥികൾ എഴുത്തുകാരും കഥാപാത്രങ്ങളുമായി. കഥാകൃത്തും പ്രഭാഷകനുമായ ശ്രീ. സുദീപ്. ടി. ജോർജ് നയിച്ച ശില്പശാലയിൽ ഓരോ കുട്ടിയേയും കംഫോർട്ട് സോണുകൾക്കു പുറത്തേക്കു കൊണ്ട് പോകാനാണ് ശ്രമിച്ചത് .

വായനയെക്കുറിച്ചു ജില്ലാ കളക്ടർ ജി. പ്രിയങ്ക, ഐ. എ.എസ് സംവദിച്ചു. വ്യക്തിബന്ധങ്ങൾ കുറയുന്ന ഇക്കാലത്തു കുട്ടികൾ സമൂഹമാധ്യമങ്ങളിൽ നിന്ന് പുസ്തകളിലേക്കു ഇറങ്ങിവരേണ്ടത് അനിവാര്യമാണെന്ന് അവർ പറഞ്ഞു. ജില്ലാ പബ്ലിക് ലൈബ്രറിയെക്കുറിച്ചും കൃതികളെക്കുറിച്ചും യുവ എഴുത്തുകാരൻ, ശ്രീ. മുരളി.എസ്.കുമാർ സംസാരിച്ചു. പുസ്തകങ്ങളിലൂടെ വായനക്കാരന് അനുഭവങ്ങൾ ലഭിക്കും, മറ്റൊരാളുടെ അനുഭവത്തെ തന്റെ അനുഭവമാക്കി മാറ്റാൻ കഴിയുന്ന ഒന്നാണ് വായന എന്ന് അദ്ദേഹം പറഞ്ഞു.

## MEET THE AUTHOR - Smt. JISA JOSE




പുതിയകാലത്തും, ആൺകോയ്മയിയുള്ള സമൂഹത്തിലും, സ്ത്രീ എഴുത്തുകാർക്ക് പ്രാധാന്യമുണ്ടെന്ന് എഴുത്തുകാരി ശ്രീമതി. ജിസജോസ് പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയുമായി സഹകരിച്ചു മാതൃഭൂമി ബുക്ക്സ് നടത്തിയ Meet the Author പരിപാടിയിൽ സംസാരിക്കുക ആയിരുന്നു അവർ. സ്ത്രീകൾ എഴുതുന്നു എന്നത് വിപ്ലവമാണെന്നും, എഴുത്തു സുഗമമല്ലെന്നും അവർ പറഞ്ഞു. എഴുത്തുകാരായാലും വായിക്കുകയെന്നത് പ്രധാനമാണ്. പക്ഷെ ഇന്ന് മുതിർന്നവരും കുട്ടികളും വായിക്കുന്നുണ്ടോ എന്ന് സംശയമാണെന്ന് അവർ കൂട്ടിച്ചേർത്തു. വായിക്കുമ്പോൾ ചർച്ചകൾ ഉണ്ടാകട്ടെ എന്ന് വായനക്കാരുടെ ചോദ്യങ്ങൾക്കു മറുപടി ആയി അവർ പറഞ്ഞു. ശ്രീ. ടി.കെ. ശങ്കരനാരായണൻ അധ്യക്ഷൻ ആയി. ശ്രീമതി. ഒ.എം. ലീന ചർച്ച നയിച്ചു. ശ്രീ. വൈശാഖൻ, ശ്രീ. മോഹൻദാസ് ശ്രീകൃഷ്ണപുരം തുടങ്ങിയവർ സംസാരിച്ചു .

# പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റി

**പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രതിവാര ചലച്ചിത്ര പ്രദർശനം – എല്ലാ വെള്ളിയാഴ്ച്ചയും വൈകിട്ട് 5.00 ന് പബ്ലിക് ലൈബ്രറി സെമിനാർ ഹാളിൽ**




'All We Imagine As Light' ചലച്ചിത്രത്തിലെ പിന്നണി പ്രവർത്തകർക്കുള്ള അനുമോദനം

### കാൻഫെസ്റ്റിവലിൽ സിനിമയിലൂടെ ഉയിർത്തെഴുന്നേറ്റത് ഇന്ത്യ: ശ്രീ. ജി.പി. രാമചന്ദ്രൻ

'All We Imagine as Light' കാൻഫിലിം ഫെസ്റ്റിവലിൽ പുരസ്കൃതമായ തോടെ ലോകത്തിനു മുന്നിൽ സിനിമയിലൂടെ ഉയർത്തിപ്പിടിച്ചത് ജനാധിപത്യ ഇന്ത്യയുടെ മുഖമാണെന്ന്ശ്രീ. ജി.പി. രാമചന്ദ്രൻ. രാജ്യം പലതരത്തിൽ ലോകത്തിനുമുന്നിൽ അപഹാസ്യപ്പെടുമ്പോഴും, ഇന്ത്യൻ സിനിമ അതിനുള്ള മറുപടിയായി തിളങ്ങുന്നു എന്നും അദ്ദേഹം പറഞ്ഞു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിയുടെ ഫിലിം സൊസൈറ്റി സംഘടിപ്പിച്ച 'All We Imagine As Light' ചലച്ചിത്രത്തിലെ പിന്നണി പ്രവർത്തകർക്കുള്ള അനുമോദനം പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുക ആയിരുന്നു അദ്ദേഹം.

സിനിമയുടെ പിന്നണിയിൽ പ്രവർത്തിച്ച പാലക്കാട്ടുകാരായ ശ്രീ. റോബിൻറോയ് (അസോസിയേറ്റ് ഡയറക്ടർ), ശ്രീ. പ്രണവ് രാജ് (എക്സിക്യുട്ടിവ്പ്രൊഡ്യൂസർ), ശ്രീ. നജീം ആസാദ് (സ്ക്രിപ്റ്റ് സൂപ്രവൈസർ), ശ്രീ. അഖിൽദേവ (കാസ്റ്റിംഗ് അസിസ്റ്റന്റ്), കുമാരി. ആർദ്ര (നടി), ശ്രീ. സുബ്രഹ്മണ്യൻ കെ.വി. (ഡബ്ബിംഗ്) കെ.എ. നന്ദജൻ അനുമോദിച്ചു. ശേഷം അനുമോദനം ഏറ്റുവാങ്ങിയ പിന്നണി പ്രവർത്തകർ സിനിമയുടെ നിർമ്മാണസമയത്തെ വിശേഷങ്ങൾ പങ്കുവെച്ചു. തുടർന്ന് ശ്രീ. സിദ്ധാർത്ഥ് ശിവ സംവിധാനം ചെയ്ത.. 'എന്നിവർ' സിനിമ പ്രദർശിപ്പിച്ചു.

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ശ്രീ. ടി.ആർ. അജയൻ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ, ഫിലിം സൊസൈറ്റി ചെയർമാൻ ശ്രീ. മുഹമ്മദ് സാദിഖ് സ്വാഗതവും, കൺവീനർ ശ്രീ. കെ. രജീഷ് നന്ദിയും പറഞ്ഞു. ശ്രീ. കെ. വിഷ്ണു പ്രാരംഭഗാനം ആലപിച്ചു.

### Court

സമകാലീന ഇന്ത്യയിലെ നീതിന്യായവ്യവസ്ഥിതിയുടെ ജീർണ്ണതയെ ഒട്ടും നാടകീയത ഇല്ലാതെ വളരെ സ്വാഭാവികമായി കറുത്ത ഹാസ്യത്തിന്റെ അകമ്പടിയോടെ അവതരിപ്പിക്കുന്ന ചിത്രമാണ് കോർട്ട്.

### Musical Chair

കഴിഞ്ഞ കാലത്തിലെ അത്ര സുഖകരമല്ലാത്ത ചില ഓർമ്മകൾ മാർട്ടിനുള്ളിലുണ്ടെങ്കിലും അതെല്ലാം മറന്ന് ജീവിതം മുന്നോട്ട് നയിച്ചുകൊണ്ടിരുന്ന അയാൾ അവിടുന്നങ്ങോട്ട് ഒരാൾ മരണപ്പെടുന്നതിന് പിന്നിലുള്ള കാരണം അന്വേഷിച്ചും അയാളുടെ ഉള്ളിലുള്ള ചില ചോദ്യങ്ങൾക്ക് ഉത്തരം തേടിയും തികച്ചും വ്യത്യസ്തമായ ഒരു യാത്രപുറപ്പെടുന്നു.

### Bhootam

സ്വന്തം ജോണർ തിരഞ്ഞെടുത്ത് 'ഭൂതം' പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റിയുടെ പ്രതിവാര ചലച്ചിത്ര പ്രദർശനത്തിൽ റഹ്മാൻ ബ്രദേഴ്സ് സംവിധാനം ചെയ്ത ചിത്രം 'ഭൂതം' പ്രദർശിപ്പിച്ചു.

സ്വന്തമായി ഒരു ജോണർ കണ്ടുപിടിക്കാനുള്ള ശ്രമവും, ദൃശ്യ ഭാഷയുടെ പ്രാധാന്യം ഇത്രയധികം പ്രയോജനപ്പെടുത്തിയ സ്വതന്ത്ര സിനിമാഖ്യാനവുമാണു 'ഭൂതം' എന്ന് ഓപ്പൺ ഫോറം ചർച്ചയിൽ പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റി വിലയിരുത്തി.

### 'ദി അൺനോൺ സെയിൻഡ്'

അന്ധവിശ്വാസങ്ങൾ സമൂഹത്തിലുണ്ടാക്കുന്ന തെറ്റായ സ്വാധീനം എടുത്ത് കാണിച്ച് കൊണ്ട് 'ദി അൺനോൺ സെയിൻഡ്' ചലച്ചിത്രപ്രദർശനം.




അന്തരിച്ച മുൻ ബംഗാൾ മുഖ്യമന്ത്രി ശ്രീ. ബുദ്ധദേവ് ബട്ടാചാര്യയ്ക്ക് സ്മരണാഞ്ജലി അർപ്പിച്ച് കൊണ്ട് തുടങ്ങിയ പരിപാടിയിൽ അടിസ്ഥാനമില്ലാത്ത അന്ധവിശ്വാസങ്ങൾ മനുഷ്യനെയും സമൂഹത്തെയും എങ്ങിനെ തെറ്റായി നയിക്കുന്നു എന്ന് സിനിമാ പ്രദർശനത്തിന് ശേഷം നടന്ന ഓപ്പൺ ഫോറത്തിൽ ഫിലിം സൊസൈറ്റി ചർച്ച ചെയ്തു. ഫിലിം സൊസൈറ്റി ഭാരവാഹികളായ മുഹമ്മദ്സാദിക്ക്, വിനോദ്കുമാർ, പ്രവർത്തകനായ ഉണ്ണി, സംവിധായകരായ ഹഗിത്, സന്തോഷ് കുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## ദി മാൻ ഫ്രം എർത്ത്

സയൻസ് ഫിക്ഷൻ സിനിമകളിൽ ശ്രദ്ധേയമായ 'ദിമാൻ ഫ്രം എർത്ത്' പ്രദർശനം*

ആശയം കൊണ്ടും അവതരണം കൊണ്ടും സയൻസ് ഫിക്ഷൻ സിനിമകൾക്കിടയിൽ തീർത്തും വ്യത്യസ്തമായ 'ദി മാൻ ഫ്രം എർത്ത്' പ്രേക്ഷക ശ്രദ്ധ നേടി. ഫിലിം സൊസൈറ്റിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ഭാരവാഹികളായ മുഹമ്മദ് സാദിക്ക്, വിനോദ്കുമാർ എന്നിവർ സംസാരിച്ചു.

## 'അറ്റ്ഫൈവ് ഇൻ ദി ആഫ്റ്റർ നൂൺ'

*സ്ത്രീപക്ഷ സിനിമകളിൽ ശ്രദ്ധേയമായ 'അറ്റ് ഫൈവ് ഇൻദി ആഫ്റ്റർനൂൺ' ചലച്ചിത്ര പ്രദർശനം*

സ്ത്രീകൾ അവരുടെ തൊഴിലിടങ്ങളിലും സമൂഹത്തിലും നേരിടുന്ന വെല്ലുവിളികൾ ചർച്ചയാവുന്ന വർത്തമാനകാലത്ത് സ്ത്രീകളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ഓർമ്മപ്പെടുത്തുന്ന ഈ ചിത്രം അഫ്ഗാൻ യുദ്ധഭൂമികയിൽ സ്ത്രീകൾ അനുഭവിച്ച ദുരിതങ്ങളുടെ നേർക്കാഴ്ച്ചയാണ്. 2003 ലെ കാൻഫിലിം ഫെസ്റ്റിവലിലും IFFIലും പുരസ്കാരങ്ങൾ നേടിയ 'അറ്റ് ഫൈവ് ഇൻ ദി ആഫ്റ്റർനൂൺ' ലോകസിനിമയിലെ തന്നെ മികച്ച സ്ത്രീപക്ഷ/യുദ്ധചിത്രങ്ങളിൽ ഒന്നാണെന്ന് ഫിലിംസൊസൈറ്റി വിലയിരുത്തി.

## പോസ്റ്റ്മെൻ ഇൻ ദി മൗണ്ടൻസ്

'പോസ്റ്റ്മെൻ ഇൻ ദി മൗണ്ടൻസ് 1980 കളിലെ ചൈനയുടെ ഹുനാൻ പ്രവിശ്യയിലാണ് ഈ കഥ സജ്ജീകരിച്ചിരിക്കുന്നത്. ശാരീരിക ബുദ്ധിമുട്ടുകൾ കാരണം ഹുനാനിലെ പോസ്റ്റുമാൻ, ജോലിയിൽ നിന്ന് വിരമി ക്കുന്നു. അച്ഛന്റെ ജോലി ഏറ്റെടുക്കുന്ന മകൻ ആദ്യമായി ജോലിക്ക് പോകുമ്പോൾ അച്ഛനും അവരുടെ വളർത്തു പട്ടിയും യാത്രയിലുടനീളം അവന് വഴിതെളിക്കുന്നു. 230 മൈലുകളോളം നീണ്ടു നിൽക്കുന്ന മെയിൽ റൂട്ടിനിടയിൽ ചൈനയുടെ ഗ്രാമീണ ഭംഗിയും മനുഷ്യ മനസ്സുകൾ തമ്മിലുള്ള നൈർമ്മല്യവും പ്രേക്ഷകന്റെ മനസ്സിന് ഇമ്പമേകുന്ന കാഴ്ചകളാണ്. അച്ഛനും മകനുമിടയിലുള്ള പരസ്പര സ്നേഹവും വിശ്വാസവും ഇരുവരും ഈയാത്രയിലൂടെ തിരിച്ചറിയുന്നതാണ്കഥാസംഗ്രഹം.

കൂയമഹ ദേശീയ പുരസ്കാരം നേടിയ സ്പോർട്സ് ചിത്രം 'ഇക്ബാൽ' പ്രദർശനം* 2005 ലെ മികച്ച സാമൂഹ്യ പ്രതിബദ്ധതയുള്ള ചിത്രത്തിനും സഹനടനും ഉള്ള ദേശീയ പുരസ്കാരം നേടിയ ചിത്രത്തിലെ പ്രമേയം ഏതുകാലത്തും വളരെ പ്രസക്തമാണ്. ആവിഷ്കാരത്തിലും കഥാപാത്രഘടനയിലും മികച്ചു നിൽക്കുന്ന 'ഇക്ബാൽ' സിനിമാ വിദ്യാർത്ഥികൾക്ക് പഠനയോഗ്യമാണെന്നും റിപീറ്റാല്യൂ ഉള്ള ഈ ചിത്രം പുതിയ തലമുറയിലെ പ്രേക്ഷകർ കണ്ടിരിക്കേണ്ടതാണെന്നും ഓപ്പൺഫോറം ചർച്ചയിൽ ഫിലിം സൊസൈറ്റി വിലയിരുത്തി.

## Film Show-God Exsists, Her Name is Petrunya

മാസിഡോണിയൻ സ്ത്രീപക്ഷ സിനിമ 'ഗോഡ് എക്സിസ്റ്റ്സ്, ഹെർനെയിം ഈസ് പെട്രൂണ്യ' പ്രദർശനം കഴിഞ്ഞ ദിവസം അന്തരിച്ച സി.പി.ഐ.എം ജനറൽ സെക്രട്ടറിയും മുൻപാർലമെന്ററിയനുമായ ശ്രീ. സീതാറാം യെച്ചൂരിയ്ക്ക് ആദരം അർപ്പിച്ചുകൊണ്ട് തുടങ്ങിയ പാലക്കാട് ജില്ലാ പബ്ലിക്ലൈബ്രറി ഫിലിം സൊസൈറ്റിയുടെ പ്രതിവാര ചലച്ചിത്ര പ്രദർശനത്തിൽ മാസിഡോണിയൻ ചിത്രമായ "ഗോഡ് എക്സിസ്റ്റ്സ്, ഹെർ നെയിം ഈസ് പെട്രൂണ്യ" പ്രദർശിപ്പിച്ചു.

2019 ബെർലിൻ ചലച്ചിത്രമേളയിൽ ഗോൾഡൻ ബിയർ പുരസ്കാരത്തിനുവേണ്ടി മത്സരിച്ച മാസിഡോണിയൻ ഭാഷയിലെ ശക്തമായ സ്ത്രീപക്ഷ ചിത്രം 'ഗോഡ് എക്സിസ്റ്റ്സ്, ഹെർ നെയിം ഈസ്പെട്രൂണ്യ' ഏത് കാലത്തും ദേശത്തും വളരെ പ്രസക്ത മായ സ്ത്രീപക്ഷ രാഷ്ട്രീയം സംസാരിക്കുന്ന ചിത്ര മാണെന്ന് ചർച്ച നയിച്ച എഴുത്തുകാരിയും ആക്ടി വിസ്റ്റുമായ അഡ്വക്കേറ്റ്റെജിന അഭിപ്രായപ്പെട്ടു.

## Beasts of the Southern Wild

അമേരിക്കൻ ഫാന്റസി ചിത്രം 'ബീസ്റ്റ്സ് ഓഫ്ദി സതേൺ വൈൽഡ് 'പ്രദർശനം* പി.ഡി.പി. എൽഫിലിം സൊസൈറ്റിയുടെ പ്രതിവാര ചലച്ചിത്ര പ്രദർശനത്തിൽ നാഷണൽ സിനിമ ഡേ ആയ സെപ്റ്റംബർ 20ന് അമേരിക്കൻ ഫാന്റസി ചിത്രമായ 'ബീസ്റ്റ്സ് ഓഫ് ദി സതേൺ വൈൽഡ് 'പ്രദർശിപ്പിച്ചു.

സിനിമയുടെ യഥാർത്ഥ ചരിത്രം തുടങ്ങുന്നത് 129

വർഷങ്ങൾക്ക് മുൻപ്പാരിസിലെ നാഷണൽ ഇൻഡസ്ട്രി ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആദ്യ സിനിമാ പ്രദർ ശനത്തിലൂടെ ആണെന്നും വർഷങ്ങൾക്കിപ്പുറവും സിനിമ എന്ന കലയും ഫിലിം സൊസൈറ്റി സംസ്കാര വും നിലനിൽക്കുന്നത് ആ മാധ്യമത്തിന് സമൂഹത്തിൽ ചെലുത്താൻ കഴിഞ്ഞ സ്വാധീനത്തിന്റെ വലിയ തെളിവ് ആണെന്നും ഫിലിം സൊസൈറ്റി ചെയർമാൻ മുഹമ്മദ് സാദിക്ക് അഭിപ്രായപ്പെട്ടു.

2013 ലെ അക്കാദമി അവാർഡിൽ 4 നോമിനേഷനു കൾ ലഭിച്ച 'ബീസ്റ്റ്സ് ഓഫ്ദി സതേൺ വൈൽഡ്' എല്ലാ യിടത്തും മാറ്റി നിർത്തുകയും അടിച്ചമർത്തുകയും ചെയ്യ പ്പെടുന്ന ജനവിഭാഗങ്ങളുടെ കഥപറയുന്ന ശക്തമായ രാഷ്ട്രീയ ചിത്രമാണെന്ന്ചർച്ച നയിച്ച വൈസ് ചെയർ മാൻ വിനോദ്കുമാർ ചർച്ചയിൽ പങ്കെടുത്ത സബീന, സൂരജ് എന്നിവർ വിലയിരുത്തി.

മലയാള സ്വതന്ത്ര സിനിമ ശരത്കുമാർ സംവിധാനം ചെയ്ത 'നീലമുടി' പ്രദർശിപ്പിച്ചു. വ്ളോഗുകളുടെ പശ്ചാത്തലത്തിൽ ശക്തമായ ദളിത രാഷ്ട്രീയം പറയുന്ന ചിത്രം സമീപകാലത്തെ ഏറ്റവും മികച്ച പരീക്ഷണ ചിത്ര ങ്ങളിൽ ഒന്നാണെന്ന് ചർച്ചയിൽ ഫിലിം സൊസൈറ്റി വിലയിരുത്തി. പി.ഡി.പി.എൽ ഫിലിം സൊസൈറ്റി സെക്രട്ടറി ടി.ആർ. അജയൻ 'നീലമുടി' യിലെ അഭി നേതാവ് കൂടിയായ പ്രശസ്തനടൻ അച്യുതാനന്ദനെ മൊമെന്റോ നൽകി ആദരിച്ചു. പ്രദർശനത്തിന് ശേഷം നടന്ന ഓപ്പൺ ഫോറത്തിൽ പ്രേക്ഷകരുടെ ചോദ്യങ്ങ ൾക്ക് അദ്ദേഹം മറുപടി പറഞ്ഞു.

## High and Low

ജപ്പാൻ ക്ലാസ്സിക് ചിത്രം അകിര കുറോസവയുടെ സംവിധാനത്തിൽ 1963 ൽ പുറത്തിറങ്ങിയ 'ഹൈ ആൻഡ ്ലോ' പ്രദർശിപ്പിച്ചു. കുറോസവയുടെ മറ്റ് ചിത്രങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തമായി ത്രില്ലർ സ്വഭാവത്തി ലൂന്നിയ തിരക്കഥ യും ആഖ്യാനവും ചലച്ചിത്ര വിദ്യാർ ത്ഥികൾക്ക് ഒരു പാഠപുസ്തകം തന്നെയാണെന്നും സിനിമ പറഞ്ഞു വയ്ക്കുന്ന സമൂഹ ത്തിലെ ഉച്ചനീചത്വ ങ്ങൾ 61 വർഷങ്ങൾ ക്കിപ്പുറം ഇന്നും പ്രസക്തമാണെ ന്നും ചർച്ചയിൽ ഫിലിം സൊ സൈറ്റി വിലയിരു ത്തി. വരുന്ന ആഴ്ച്ച കളിൽ ചലച്ചിത്ര പ്രദർശനത്തോടൊപ്പം തിരഞ്ഞെടുക്കപ്പെടുന്ന ഷോർട്ട് ഫിലിമുകളും പി.ഡി.പി. എൽ ഫിലിം സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്ക്രീൻ ചെയ്യുമെന്ന് ചെയർമാൻ മുഹമ്മദ് സാദിക്ക് അറിയിച്ചു.







## The boy who harnessed the wind

ഷോർട്ട്ഫിലിം 'ബ്രീത്ത് ചിത്രം' ദി ബോയ്ഹൂ ഹാർനെസ്സ്ഡ് ദി വിൻഡ്' ഭാരതമാതാ സി.എം.ഐ പബ്ലിക് സ്കൂളിന്റെ ഫിലിം ക്ലബ്ബ് ലോഞ്ച് ചെയ്തു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റി യുടെ നേതൃത്വത്തിലുള്ള ഭാരതമാതാ സി.എം.ഐ പബ്ലിക്സ് കൂളിന്റെ ഫിലിം ക്ലബ്ബ് ഒഫീഷ്യലി ലോഞ്ച് ചെയ്തു. നവംബർ മുതൽ ഫിലിം സൊസൈറ്റിയുടെ സഹകരണത്തോടെ ഫിലിംവർക്ക് ഷോപ്പുകളും സിനിമാ പ്രദർശനവും സ്കൂളിൽ സംഘടിപ്പിക്കുമെന്ന് ചെയർ മാൻ മുഹമ്മദ് സാദിക്ക് അറിയിച്ചു. ചടങ്ങിൽ വച്ച് ഭാരത മാതാ സി.എം.ഐ പബ്ലിക് സ്കൂൾ നിർമ്മിച്ച് അവിടു ത്തെ വിദ്യാർത്ഥികൾ സംവിധാനം ചെയ്ത ഷോർട്ട് ഫിലിം 'ബ്രീത്ത്' സ്ക്രീനിംഗും അണിയറ പ്രവർത്തകരു മായുള്ള ഓപ്പൺ ഫോറവും നടന്നു.

കുട്ടികളുടെ ചിത്രം 'ദിബോയ്ഹൂ ഹാർനെസ്സ്ഡ് ദി വിൻഡ്' പ്രദർശിപ്പിച്ചു. 2019 ലെ അക്കാദമി അവാർഡ് നോമിനേഷൻ ലഭിച്ച ചിത്രം മികച്ച ഒരു മോട്ടിവേഷൻ മൂവി ആണെന്ന് ഫിലിം സൊസൈറ്റി വിലയിരുത്തി. ലൈബ്രറി ഹാളിൽ വച്ച്നടന്ന ചടങ്ങിൽ ഫിലിം സൊസൈറ്റി സെക്രട്ടറി ടി.ആർ. അജയൻ, കൺവീനർ രജീഷ്, ജോയിന്റ് കൺവീനർ കണ്ണൻ ഇമേജ്, ഭാരതമാതാ ഫിലിം ക്ലബ് ഭാരവാഹികളായ സുഷമ, സ്റ്റീഫൻ എന്നിവർ പങ്കെടുത്തു.

## Omar

86 മത് അക്കാദമി അവാർഡിലെ മികച്ച വിദേശ ചിത്രത്തിനുള്ള നോമിനേഷൻ ലഭിച്ച ഒമർ പ്രദർശിപ്പിച്ചു തനിക്കറിയാവുന്നൊരു ലോകത്തെ അതിന്റെ ഉള്ളിൽ നിന്നുകൊണ്ട് വരച്ചിടുകയാണ് സംവിധായകൻ അബു അസാദ്. പലസ്തീന്കാരായ അഭിനേതാക്കളും അണി യറക്കാരുമാണ് ചിത്രത്തിൽ സഹകരിച്ചിരിക്കുന്നത് എന്നത് ഈ സിനിമയ്ക്ക് ഊർജ്ജവും തീവ്രതയും പകരുന്നുണ്ട്. ഇസ്രയേൽ അധിനിവേശത്തിന് കീഴിലുള്ള വെസ്റ്റ് ബാങ്കിൽ ആത്മാർത്ഥപ്രണയമോ യഥാർത്ഥ യുദ്ധമോ എന്താണെന്ന് ആർക്കുമറിയില്ല. ഒരിക്കലും തീരാത്ത യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ മൂന്നു ബാല്യ കാല സുഹൃത്തുക്കളുടെ കഥ പറയുകയാണ് 'ഒമർ'. അവർക്കോരോരുത്തർക്കും അവരവരുടേതായ ആഗ്രഹ ങ്ങളുണ്ട്. ഒരു വീട്, കാമുകി, കുടുംബം പിന്നെ പലസ്തീന്റെ സ്വാതന്ത്ര്യം. ഒരിക്കൽ ശത്രുക്കളാൽ പിടി ക്കപ്പെടുന്ന അവർക്ക് ലഭിക്കുന്ന ക്രൂരമായ പീഡനങ്ങ ൾക്ക് ശേഷം ആ സുഹൃത്തുക്കൾക്ക് മുന്നിൽ ഒരു തിരഞ്ഞെടുപ്പിന് അവസരമൊരുങ്ങുന്നു. രാജ്യസ്നേഹം നിലനിർത്തണോ അതോ ജീവൻ നിലനിർത്തണോ? സംശയവും ചതിയും വിശ്വാസ്യതയെ തകർക്കുമ്പോൾ അവരുടെ ചിന്തകൾ പലസ്തീന്റെ ഭൂമികപോലെ രണ്ടാ യി പിളരുന്നു. ലൈബ്രറി ഹാളിൽ വച്ച് നടന്ന ചടങ്ങിൽ സെക്രട്ടറി ടി.ആർ. അജയൻ, ഫിലിം സൊസൈറ്റി കൺവീനർ രജീഷ്, ജോയിന്റ് കൺവീനർ കണ്ണൻ ഇമേജ്, എന്നിവർ പങ്കെടുത്തു.

### Kummatty

1979 ലെ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരള സംസ്ഥാന പുരസ്കാരം ലഭിച്ച 'കുമ്മാട്ടി' മലയാളത്തിലെ ക്ലാസ്സിക്കുകളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. ഫിലിം ഹെറിറ്റേജ് ഫൗണ്ടേഷൻ, ഹോളിവുഡ് സംവിധായകൻ മാർട്ടിൻ സ്കോർസെസെയുടെ ദി ഫിലിം ഫൗണ്ടേഷന്റെയും ഇറ്റലിയിലെ ബൊലോഗ്ന കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സിനിടെക്കഡിബൊലോഗ്ന യുടെയും സഹകരണത്തോടെ 'കുമ്മാട്ടി' യുടെ നവീകരിച്ച 4K പതിപ്പ് തയ്യാറാക്കിയിട്ടുണ്ട്. മലയാള സിനിമയെ ലോകസിനിമകളുടെ കൂട്ടത്തിൽ പ്രതിഷ്ഠിച്ച അനശ്വര ചലച്ചിത്രകാരൻ ജി. അരവിന്ദന്റെ 'കുമ്മാട്ടി' കേരളപ്പിറവി ദിനത്തിൽ. ഈ ചിത്രം പുതിയ തലമുറയിലെ പ്രേക്ഷകർ കണ്ടിരിക്കേണ്ടതാണെന്നും ഓപ്പൺ ഫോറം ചർച്ചയിൽ ഫിലിം സൊസൈറ്റി വിലയിരുത്തി. ഭാരവാഹികളായ മുഹമ്മദ് സാദിക്ക്, വിനോദ്കുമാർ, രജീഷ് എന്നിവർ നയിച്ച ചർച്ചയിൽ മണി പ്രസാദ്, നന്ദജൻ, അർച്ചന, അയൻ അരുൺ, ജയരാജൻ എന്നിവർ പങ്കെടുത്തു.

### Is it Silly

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റിയുടെ ഷോർട്ട് ഫിലിം സ്ക്രീനിംഗിന്റെ ഭാഗമായി രതീഷ് കക്കോട്ട് സംവിധാനം ചെയ്ത 11 മിനിറ്റ് ദൈർഘ്യമുള്ള 'ഈസ് ഇറ്റ്സില്ലി' എന്ന ഹ്രസ്വചിത്രം ലൈബ്രറി സെമിനാർ ഹാളിൽ പ്രദർശിപ്പിച്ചു. ചിത്രത്തിന്റെ അണിയറ പ്രവർത്തകരുമായുള്ള ഓപ്പൺ ഫോറം ഗംഭീരം ആയി.

### Dog tooth

2009 ലെ ബെസ്റ്റ്ഫോറിന് ഫിലിമിനുള്ള അക്കാദമി നോമിനേഷന് ലഭിച്ച 'ഡോഗ്ടൂത്തി എന്ന ചിത്രം ലൈബ്രറി സെമിനാർ ഹാളിൽ പ്രദർശിപ്പിച്ചു. യോർ ഗോസ്ലാന്തിമോ സംവിധാനം ചെയ്ത സർറിയലിസ്റ്റിക് ചിത്രമാണ് 'കയ്നോടൊണ്ടസ്' അഥവാ 'ഡോഗ്ടൂത്ത്'. ഫാമിലി എന്ന ചട്ടക്കൂടിന്റെ ബലത്തിൽ, അധികാരവും അന്ധമായ നിയന്ത്രണവും തലമുറകളെ എങ്ങനെ ബാധിക്കുന്നു എന്ന വ്യംഗ്യമായ ഭാഷയിലൂടെ ഈ ചിത്രം പറയുന്നു. ഈ ചിത്രം പുതിയ തലമുറയിലെ പ്രേക്ഷകർ കണ്ടിരിക്കേണ്ടതാണെന്നും ഓപ്പൺ ഫോറം ചർച്ചയിൽ ഫിലിം സൊസൈറ്റി വിലയിരുത്തി. ഫിലിം സൊസൈറ്റി ഭാരവാഹികളായ മുഹമ്മദ്സാദിക്ക്, വിനോദ്കുമാർ, പ്രവർത്തകനായ ഉണ്ണി, സംവിധായകരായ ഹഗിത്, സന്തോഷ്കുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

### Sameer

പാലക്കാട് ജില്ലാ പബ്ലിക്ലൈബ്രറി ഫിലിം സൊസൈറ്റിയുടെ പ്രതിവാര ചലച്ചിത്ര പ്രദർശനത്തിൽ റഷീദ്പാറക്കൽ സംവിധാനം ചെയ്ത 'സമീർ' പ്രദർശിപ്പിച്ചു. സംവിധായകന്റെ തന്നെ അനുഭവങ്ങളെ ആസ്പദമാക്കി അദ്ദേഹം രചിച്ച 'ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങൾ' എന്ന നോവൽ ആണ് സമീറിന് ആധാരം. ചടങ്ങിൽ പങ്കെടുത്ത റഷീദ്




പാറക്കൽ, നടൻ ആനന്ദ്റോഷൻ, നിർമ്മാതാവ് സനിൽ എന്നിവരെ ഫിലിം സൊസൈറ്റിക്കുവേണ്ടി ചെയർമാൻ മുഹമ്മദ്സാദിക്ക് മൊമെന്റോ നൽകി ആദരിച്ചു.

മനുഷ്യൻ ഉള്ളിടത്തോളം കാലം പ്രവാസം തുടരുമെന്നും അപ്പോഴും കാലാതിവർത്തിയായി 'സമീർ' പോലുള്ള ചിത്രങ്ങൾ നിലനിൽക്കുമെന്നും പ്രദർശന ശേഷം നടന്ന ചർച്ചയ്ക്ക് നേതൃത്വം നൽകിയ സൊസൈറ്റി കൺവീനർ രജീഷ് അഭിപ്രായപ്പെട്ടു. ജെ.ജി. മേനോൻ, അർച്ചന, യൂനുസ് കുനിശ്ശേരി, കൃഷ്ണൻകുട്ടി, അഡ്വക്കേറ്റ്. ഉണ്ണി, സന്തോഷ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

### Mustang

ഫ്രാൻസ്, ജർമ്മനി, തുർക്കി എന്നീ രാജ്യങ്ങളുടെ സഹനിർമ്മാണത്തിൽ 2015ൽ പുറത്തിറങ്ങിയ 'മസ്താങ്ങ്' അഞ്ച്യുവ സഹോദരിമാരുടെ ജീവിതവും ഒരു യാഥാസ്ഥിതിക സമൂഹത്തിൽ പെൺകുട്ടികളായി വളർന്നു വരുമ്പോൾ അവർ നേരിടുന്ന വെല്ലുവിളികളും പറയുന്ന ചിത്രമാണ്. പ്രദർശനത്തിന് ശേഷം ശ്രീ യൂനുസ്, ശ്രീമതി അർച്ചന, ശ്രീ ജി ജെ മേനോൻ, അഡ്വക്കേറ്റ് റെജിന, ശ്രീ. സന്തോഷ്കുമാർ എന്നിവർ പങ്കെടുത്തു. PDPL ഫിലിം സൊസൈറ്റി കൺവീനർ ശ്രീ രജീഷ്, പ്രൊഫ. കെ. മോഹൻദാസ്, കവി ശ്രീമതി ജ്യോതിഭായ് പരിയാടത്ത് തുടങ്ങിയവരും സംസാരിച്ചു.

### Perfect Days

വിം വെന്ഡേഴ്സ് എന്ന ജർമ്മൻ സംവിധായകൻ കോജിയാക്കുഷോയെ മുഖ്യ കഥാപാത്രമാക്കി നിർമ്മിച്ച ഒരു ജാപ്പനീസ് ചിത്രമാണ് 2023-ൽ പുറത്തിറങ്ങിയ 'പെർഫക്റ്റ്ഡേയ്സ്'.

ഹിരയാമ എന്ന മധ്യ വയസ്സുകാര് ടോക്കിയോയിലെ പൊതു ശുചിമുറികൾ വൃത്തിയാക്കുന്നതാണ്

ജോലി. വളരെ ലളിതവും, ശാന്തവുമായതാണ് അദ്ദേഹത്തിന്റെ ദൈനംദിന ജീവിതം. അതിനിടയിൽ അദ്ദേഹം കണ്ടുമുട്ടുന്ന ചില വ്യക്തികളിലൂടെയും, അനുഭവങ്ങളിലൂടെയും അദ്ദേഹം തന്റെ ജീവിതത്തെക്കുറിച്ച് സ്വയം വിലയിരുത്തുന്നതാണ് ചിത്രത്തിന്റെ ഇതിവൃത്തം. പ്രദർശനത്തിന് ശേഷം ശ്രീ യൂനുസ്, ശ്രീമതി അർച്ചന, ശ്രീ ജി ജെ മേനോൻ, അഡ്വക്കേറ്റ് റെജിന, ശ്രീ സന്തോഷ്കുമാർ എന്നിവർ പങ്കെടുത്തു. PDPL ഫിലിം സൊസൈറ്റി കൺവീനർ ശ്രീ രജീഷ്, പ്രൊഫ കെ മോഹൻദാസ്, കവി ശ്രീമതി ജ്യോതിഭായ് പരിയേടത്ത് തുടങ്ങിയവരും സംസാരിച്ചു.

## Stay

2005 ഇൽ മാർക്ക്ഫോസ്റ്ററിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ ഒരു സൈക്കോളജിക്കൽ മിസ്റ്ററി സിനിമയാണ് 'സ്റ്റേ'. ഒരു വാഹനാപകടത്തോടെയാണ് സിനിമ തുടങ്ങുന്നത്. ആത്മഹത്യാവാസനയുള്ള ഹെൻറിയെന്ന കഥാപാത്രത്തെ രക്ഷിക്കാൻ ഒരു സൈക്യാട്രിക് ഡോക്ടർ നടത്തുന്ന ശ്രമങ്ങളും അവ ആ ഡോക്ടറെ കൊണ്ടെത്തിക്കുന്ന അസാധാരണ അനുഭവങ്ങളുമായി സിനിമ പുരോഗമിക്കുന്നു. എന്താണ് സംഭവിക്കുന്നത് എന്ന് ഒരു പിടിയും തരാതെ നീങ്ങുന്ന സിനിമ വീണ്ടും ആ ആക്സിഡന്റ് സീനിൽ ചെന്നവസാനിക്കുന്നു.

സിനിമയെക്കുറിച്ച് ചിന്തിച്ച് സീനുകൾ കൂട്ടിച്ചേർക്കാനുള്ള ഉത്തരവാദിത്വം പ്രേക്ഷകനെ ഏൽപിച്ചാണ് സിനിമ അവസാനിക്കുന്നത്. മനസ്സിലാക്കാൻ ഒരൽപ്പം ബുദ്ധിമുട്ടുള്ള കഥാതന്തുവിനെ നിരവധി ബ്രില്യൻസുകൾ മേക്കിംഗിലും എഡിറ്റിംഗിലും ഉൾച്ചേർത്തുകൊണ്ടാണ് സംവിധായകൻ ഈ ചിത്രം എടുത്തിരിക്കുന്നത്. പ്രദർശനത്തിന് ശേഷം ശ്രീ യൂനുസ്, ശ്രീമതി അർച്ചന, ശ്രീ. ജി.ജെ. മേനോൻ, അഡ്വക്കേറ്റ് റെജിന, ശ്രീ സന്തോഷ് കുമാർ എന്നിവർ പങ്കെടുത്തു. PDPL ഫിലിം സൊസൈറ്റി കൺവീനർ ശ്രീ രജീഷ്, പ്രൊഫ കെ മോഹൻദാസ്, തുടങ്ങിയവരും സംസാരിച്ചു.

## Plat form

'ദി പ്ലാറ്റ്ഫോം' സമീപകാലത്ത് ഇറങ്ങിയ ഏറ്റവും മികച്ച ത്രില്ലറുകളിൽ ഒന്നാണ്. ജീവിതത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ശക്തമായ രാഷ്ട്രീയം പറയുന്ന ഈ സ്പാനിഷ് ചിത്രം മികച്ചൊരു ദൃശ്യാനുഭവം തന്നെയാണ് പ്രേക്ഷകന് സമ്മാനിക്കുന്നത്. ചിത്രത്തിന്റെ പ്രദർശനത്തിനെ തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ ആദർശ്, ശ്രീ ജയപ്രകാശ്, അഡ്വക്കേറ്റ് ഉണ്ണികുമാർ, കൺവീനവർ രജീഷ് തുടങ്ങിയവർ സംസാരിച്ചു.

## Rear Window

സിനിമാ ദർശനത്തിന്റെ രീതി തന്നെ വിഷയമാവുന്ന 'റിയർവിൻഡോ' കാഴ്ചക്കാരെ ഒളിഞ്ഞുനോട്ടക്കാരാക്കി, ആസ്വാദനത്തിനായി വിലകൊടുക്കുന്നവര് ആക്കുന്നു. ഒരു കൊലപാതകം കാണാനിടയാവുന്ന ഫോട്ടോഗ്രാഫറിലൂടെ കാണുന്നവനും കാണപ്പെടുന്നയാളും തമ്മിലുള്ള, ഒരർത്ഥത്തിൽ പ്രേക്ഷകനും സിനിമയും തമ്മിലുള്ള ബന്ധത്തിലേക്കും ചിത്രം കണ്ണോടിക്കുന്നു.

ഈ ചിത്രം പുതിയ തലമുറയിലെ പ്രേക്ഷകർ കണ്ടിരിക്കേണ്ടതാണെന്നും ഓപ്പൺഫോറം ചർച്ചയിൽ ഫിലിം സൊസൈറ്റി വിലയിരുത്തി. ഫിലിം സൊസൈറ്റി ഭാരവാഹികളായ മുഹമ്മദ് സാദിക്ക്, വിനോദ്കുമാർ, പ്രവർത്തകനായ ഉണ്ണി, സംവിധായകരായ ഹഗിത്, സന്തോഷ്കുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## Tehran Taxi

അന്താരാഷ്ട്ര പ്രസിദ്ധനായ ചലച്ചിത്ര സംവിധായകൻ ജാഫർ പനാഹി ടെഹ്റാനിലെ തിരക്കേറിയ തെരുവുകളിലൂടെ ഒരു ടാക്സി ഓടിച്ചു പോവുകയാണ് ചലിക്കുന്ന സ്റ്റുഡിയോ എന്ന് വിശേഷിപ്പിക്കാവുന്ന ഈ കാറിലെ ഡാഷ്ബോർഡിൽ സ്ഥാപിച്ചിരിക്കുന്ന ക്യാമറ പ്രസരിപ്പാർന്ന ഇറാനിയൻ സമൂഹത്തിലെ ഒരു ഭാഗത്തെത്തന്നെയാണ് ഒപ്പിയെടുക്കുന്നത്. സിനിമ, നാടകീയത, ഹാസ്യം എന്നീ സങ്കൽപ്പങ്ങളെയെല്ലാം സംവിധായകൻ 'ടാക്സി'യിലൂടെ അസാധാരണമായ വിധത്തിൽ പുനർനിർവചിക്കുക കൂടി ചെയ്യുന്നുണ്ട്. ചിത്രം മികച്ചൊരു ദൃശ്യാനുഭവം തന്നെയാണ് പ്രേക്ഷകന് സമ്മാനിക്കുന്നത്. ചിത്രത്തിന്റെ പ്രദർശനത്തിനെ തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ ആദർശ്, ശ്രീ ജയപ്രകാശ്, അഡ്വക്കേറ്റ് ഉണ്ണികുമാർ, കൺവീനവർ രജീഷ് തുടങ്ങിയവർ സംസാരിച്ചു.

## Ankur-AShyam Bengal Film

അങ്കുർ ചലച്ചിത്ര പ്രദർശനവും ശ്യാംബെനഗൽ അനുസ്മരണവും നടത്തി. അന്തരിച്ച പ്രശസ്ത സംവിധായകൻ ശ്യാംബെനഗലിന്റെ ആദ്യ ചിത്രം അങ്കുർ പ്രദർശിപ്പിച്ചു. മധ്യവർഗ്ഗ സിനിമകൾ ഇന്ത്യയിൽ ഇന്ന് കാണുന്ന നിലയിൽ ജനകീയമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ച സംവിധായകരിൽ ഒരാളാണ് ബെനഗലെന്നും അദ്ദേഹത്തിന്റെ ചിത്രങ്ങൾ സമൂഹത്തിലെ മാറ്റിനിർത്തപ്പെട്ടുന്ന ജനവിഭാഗങ്ങളെയാണ് എക്കാലവും പ്രതിനിധീകരിച്ചിട്ടുള്ളതെന്നും പ്രദർശനത്തിന് ശേഷം നടന്ന അനുസ്മരണ ചർച്ചയിൽ ഫിലിം സൊസൈറ്റി വിലയിരുത്തി. സൊസൈറ്റി ഭാരവാഹികളായ മുഹമ്മദ് സാദിക്ക്, രജീഷ്, ജെ.ജി. മേനോൻ പ്രവർത്തകരായ അർച്ചന, നിധീഷ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## Kadavu

എസ്.കെ. പൊറ്റെക്കാട്ടിന്റെ കടത്തുതോണി എന്ന ചെറുകഥയെ ആസ്പദമാക്കി എം.ടി. വാസുദേവൻനായർ തിരക്കഥയും, സംവിധാനവും നിർവഹിച്ച് 1991ൽ പുറത്തിറങ്ങിയ ചിത്രമാണ് കടവ് പ്രദർശിപ്പിച്ചു. മലയാള സാഹിത്യ, സിനിമാ ലോകത്തെ എക്കാലത്തെയും മികച്ച പ്രതിഭയായ എം.ടിയെക്കുറിച്ച് ഫിലിം സൊസൈറ്റി ജോയിന്റ് കൺവീനറും എഴുത്തുകാരനുമായ മുരളി. എസ്.കുമാർ അനുസ്മരിച്ചു.

## I DREAM IN ANOTHER LANGUAGE

രണ്ടു പേരിലൊരാൾ മരിച്ചാൽ ഒരു ഭാഷ തന്നെ ഭൂമിയിൽ നിന്നും നാമാവശേഷമാകുന്ന സ്ഥതിവിശേഷത്തിന്റെ, "ഐ ഡ്രീം ഇൻ അനദർ ലാംഗ്വേജ്" എന്ന മെക്സിക്കൻ സിനിമ പ്രദർശിപ്പിച്ചു. കാടകത്തിന്റെ സ്വപ്ന സമാനമായ ദൃശ്യപരിചരണം, മികച്ച പശ്ചാത്തല

സംഗീതം, അതിലെറെ വലിഞ്ഞു മുറുകുന്ന കഥാഘടന, ഇതെല്ലാം കൊണ്ട് ഐ ഡ്രീം ഇൻ അനദർ ലാംഗ്വേജ് മികച്ച സിനിമയായി മാറുന്നു. തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ ആദർശ്, ശ്രീ ജയപ്രകാശ്, അഡ്വക്കേറ്റ് ഉണ്ണികുമാർ, കൺവീനവർ രജീഷ് തുടങ്ങിയവർ സംസാരിച്ചു.

### "Hours on Earth and Some where Beyond"

### ("Between one shore and several others")

മുഖമോ രൂപമോ ഇല്ലാത്ത ഒരു മനുഷ്യൻ ജീവിതത്തിലൂടെ സഞ്ചരിക്കുന്നു ഏകതാനമായ ദൈനംദിന പ്രവർത്തനങ്ങളാൽ രൂപപ്പെടുന്ന ഒരു സ്വത്വവും അവശേഷിക്കുന്ന അടയാളങ്ങളും അവശിഷ്ടങ്ങളും. നമ്മളിൽ ആരെയുംപോലെ, ഈ വ്യക്തിയും ഭൂമിയിൽ സമയം ചെലവഴിക്കുന്നു, അത് നമുക്ക് ജീവിക്കാനുള്ള ജീവിതമായി മാറുന്നു. എന്നാൽ ഈ പ്രവർത്തനങ്ങളെ വ്യത്യസ്തമാക്കുന്നത് ഈ വ്യക്തിയുടെ ലിംഗഭേദമാണ്. അത് നിങ്ങളോ. നിങ്ങൾക്കറിയാവുന്ന ആരെങ്കിലുമോ ആകാം, ചിലവഴിക്കുന്ന സമയം ഒരു തിരഞ്ഞെടുപ്പോ ബാധ്യതയോ വേഷപ്രച്ഛന്നമായ ശീലമോ ആകാം. ആ കഥ പറയുന്ന "Hours on Earth and Some where Beyond"പ്രദർശിപ്പിച്ചു. തുടർന്ന് അതിന്റെ അണിയറ പ്രവർത്തകരെ അനുമോദിച്ചു. തുടർന്ന് "Between one shore and several others" സ്വന്തം അസ്തിത്വത്തിൽ മുഴുകി, യാഥാർത്ഥ്യത്തിന്റെ വിശാലമായ വെള്ളത്തിൽ ഒഴുകിപ്പോകുന്ന പ്രോട്ടോസോവുകളുടെ ജീവിതത്തെ പര്യവേക്ഷണം ചെയ്യുന്നു. ഒരു ദൃശ്യ കാവ്യമെന്ന നിലയിൽ, അത്മാന്ത്രികവും നിഗൂഢവുമായ ദൈനംദിന ജീവിതവുമായി ലയിപ്പിച്ചുകൊണ്ട് യഥാർത്ഥവും അയഥാർത്ഥവും തമ്മിലുള്ള അനിശ്ചിതമായ അതിരുകൾ സൂക്ഷ്മമായി നാവിഗേറ്റ് ചെയ്യുന്നു. തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ ആദർശ്, ശ്രീജയപ്രകാശ്, അഡ്വക്കേറ്റ് ഉണ്ണികുമാർ, കൺവീനവർ രജീഷ് തുടങ്ങിയവർ സംസാരിച്ചു.




### Mullhol and Drive

ഈ വർഷം ജനുവരി 15 ന് അന്തരിച്ച പ്രശസ്ത സംവിധായകൻ ഡേവിഡ്ലിഞ്ചിന്റെ സംവിധാനത്തിൽ 2001ൽ പുറത്തിറങ്ങിയ ഹോളിവുഡ് ചിത്രമാണ് 'മൾഹോളണ്ട് ഡ്രൈവ്'. ബി.ബി.സി നടത്തിയ സർവേ പ്രകാരം 21–ആം നൂറ്റാണ്ടിലെ ഏറ്റവും മികച്ച ചിത്രങ്ങളിൽ ഒന്നായി 'മൾഹോളണ്ട് ഡ്രൈവി' നെ തിരഞ്ഞെടുത്തിരുന്നു. സാധാരണ ഒരു സിനിമ കാണുന്നത് പോലെയല്ലാതെ ഒരു സർറിയലിസ്റ്റ് ആർട്ട്വർക്ക് ആസ്വദിക്കുന്ന പോലെ ഹൃദയം കൊണ്ട് കാണേണ്ട 'മൾഹോളണ്ട് ഡ്രൈവ്' ആസ്വാദനത്തിന് പ്രേക്ഷകന്റെ പങ്കാളിത്തം പൂർണ്ണമായി ആവശ്യപ്പെടുന്നു. എന്താണ് സിനിമ, എന്തിനെ ക്കുറിച്ചാണ് പറയുന്നത്, എന്ന് കണ്ടുപിടിക്കേണ്ട ഉത്തരവാദിത്തം പ്രേക്ഷകനെ എൽപിച്ചാണ് ചിത്രം അവസാനിക്കുന്നത്. പ്രദർശനത്തിന്ശേഷം ശ്രീ യൂനുസ്, ശ്രീമതി അർച്ചന, ശ്രീ. ജി. ജെമേനോൻ, അഡ്വക്കേറ്റ് റെജിന, ശ്രീ സന്തോഷ്കുമാർ എന്നിവർ പങ്കെടുത്തു. PDPL ഫിലിം സൊസൈറ്റി കൺവീനർ ശ്രീ രജീഷ്, പ്രൊഫ കെ മോഹൻദാസ്, തുടങ്ങിയവരും സംസാരിച്ചു.

#### ഐ ആം നുജും, ഏജ് 10 ആന്റ് ഡിവോഴ്സ്ഡ്

'ഞാൻ നുജു പത്ത് വയസ്സ് വിവാഹമോചിത' എന്ന യെമനിയൻ ചിത്രം, കാലഘട്ടത്തിന്റെ നിറം കലർന്നിരിക്കുന്നു. 'ഞാൻ' എന്ന തുടക്കത്തിൽ തന്നെ സ്വതന്ത്ര വ്യക്തിയായി 'അവൾ' തെളിഞ്ഞു നിൽക്കുന്നു. സിനിമയിലെ ഒരു സന്ദർഭത്തിൽ അന്തിച്ചു നിൽക്കുന്ന നുജുവിന് വഴിത്തിരിവായത് ന്യായാധിപന്റെ വാഹനമാണ്. സ്വന്തം മകളെയാണ് അയാൾക്ക് അവളിൽ കാണാനായത്. ഏഷ്യയുടെ പടിഞ്ഞാറെ അറ്റമാണ് നുജുവിന്റെ നാട്.



പ്രാകൃത ഗോത്ര ജനതയെ പ്രതിനിധാനം ചെയ്യുന്ന നായകൻ (10 വയസ്സുകാരിയുടെ 30 വയസ്സുകാരൻ ഭർത്താവ്). ഞങ്ങളുടെ കുടുംബകാര്യത്തിൽ നിങ്ങൾക്കെന്ത് കാര്യമെന്നും ദൈവനാമത്തിൽ ചെയ്ത വിവാഹമാണിതെന്നും ന്യായാധിപനോട് തർക്കിക്കുന്നുണ്ട്. നീതിമാനായ ന്യായാധിപൻ/അഭിഭാഷക, അവർക്ക് മനസ്സിലാവുന്ന തരത്തിൽ നിയമവ്യവസ്ഥയെയും നീതിയെയും വിവരിക്കുന്നുണ്ട്. നുജു വിവാഹമോചനം നേടുകയും പഠനം തുടരുകയും ചെയ്യുന്നു. ആധുനിക ലോകം സാങ്കേതിക വിദ്യകളി ആഴത്തിലുള്ള തിരച്ചിൽ നടത്തി മുന്നേറുന്ന കാലത്ത് നീതിയെ ഇനിയും എത്ര ആഴത്തിൽ നമ്മൾ തിരഞ്ഞു കണ്ടെത്തണം.

### Short Flim

ക്രൈ ഫോർ ദി മൂൺക്ക് വിപിൻറോ ഡ്രിഗ്സ്സ് സംവിധാനം ചെയ്ത ക്രൈ ഫോർ ദി മൂൺ എന്ന ഹ്രസ്വ ചിത്രത്തിന്റെ പ്രീമിയർ പ്രദർശിപ്പിക്കുകയുണ്ടായി. നൂറ്റിയൻമ്പതിൽ കൂടുതൽ ആളുകൾ പ്രദർശനം കാണാൻ എത്തിയിരുന്നു. ചിത്രത്തിലെ അഭിനേതാക്കൾ അയൻ അരുൺ, അർഷ്യ മൻസൂർ, ജയകുമാർ ചെല്ലൻ, അജിത പാലക്കാട്, അതുൽ കെ.ജെ, അബ്ദുൾ ബാസിത്. കെ, മനോജ്, അഖിൽഗുരു, മൻസൂർ, കാമറമാൻ വിഷ്ണു അന്താഴി, അസിസ്റ്റന്റ് കാമറമാൻ ഗോകുൽരാജ്, അസിസ്റ്റന്റ് ഡയറക്ടർമാർ പോൾ ജെയ്സൺ, സന്ദീപ്, എഡിറ്റിംഗ് ജൂബി ജെ. മാത്യു, നിർമ്മാണം മുഹമ്മദ് ആഷിക് എം, എസ്. വസന്തകുമാരി, പ്രൊഡക്ഷൻ കൺട്രോളർ അശ്വതി, മ്യൂസിക് ഗൗതം ഉണ്ണികൃഷ്ണൻ സൗണ്ട് ഡിസൈൻ ആൻഡ് മിക്സിങ് വിഷ്ണു രഘു, ഡിഐ ആൻഡ് കളറിസ്റ് അഖിൽബോസ്, ടൈറ്റിൽ ആൻഡ് വിഎഫ്എക്സ് നിധിൻ രവീന്ദ്രൻ, ഡബ്ബിങ് റീജോ, സാം സ്റ്റുഡിയോ, തുടങ്ങിയവരും സംസാരിച്ചു.

### Kathal: A Jackfruit Mystery

പാലക്കാട് ജില്ലാ ലൈബ്രറിയിൽ വെറുമൊരു ചക്കമോഷണത്തിന്റെ കഥ പ്രമേയമാക്കി ഇന്ത്യയുടെ സമൂഹ്യ-രാഷ്ട്രീയ വ്യവ സ്ഥിതിയെ എങ്ങനെ ആക്ഷേപഹാസ്യത്തിലൂടെ തുറന്നു വിമർശിക്കാൻ പറ്റുമെന്ന് കാണിച്ചുതന്ന സിനിമയാണ് 2023 ൽ പുറത്തിറങ്ങിയ ഹിന്ദി സിനിമയായ 'കട്ഹൽ: എ ജാക്ക് ഫ്രൂട്ട് മിസ്റ്ററി', പ്രദർശിപ്പിക്കുകയുണ്ടായി. ചിത്രത്തിന്റെ പ്രദർശനത്തിനെ തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ വാസുദേവൻ, ശ്രീ മതി അർച്ചന ശ്രീ രവി കെ പുത്തൂർ, കുമാരിഗോപിക, മാസ്റ്റർ അയൻ, കൺവീനർ രജീഷ് തുടങ്ങിയവർ സംസാരിച്ചു

### Rice People

പാലക്കാട് ജില്ലാ ലൈബ്രറിയിൽ പ്രദർശിപ്പിച്ച റൈസ്പീപ്പിൾ, ആറു പെൺമക്കളെ ഊട്ടുവാനായി നെൽകൃഷി ചെയ്യുന്ന മപോവ് കുടുംബത്തിന്റെ കഥയിലൂടെ വിഖ്യാത ഖ്മേർ സംവിധായകൻ റിഥി പാൻ കാണിച്ചു തരുന്ന കർഷകന്റെ ബുദ്ധിമുട്ടുകൾ നമ്മുടെ നാട്ടിലും സുപരിചിതമായ കാഴ്ചകൾ തന്നെയാണ്. പ്രകൃതിയുടെ ചാഞ്ചട്ടത്തിനനുസരിച്ച് മാറിമറിയുന്ന കർഷകന്റെ ജീവിതം മനസ്സിൽ തട്ടുന്ന രീതിയിൽ അവതരിപ്പിക്കാൻ




സംവിധായകന് കഴിഞ്ഞിട്ടുണ്ട്. തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ ആദർശ്, ശ്രീ ജയപ്രകാശ്, അഡ്വക്കേറ്റ് ഉണ്ണികുമാർ, കൺവീനവർ രജീഷ് തുടങ്ങിയവർ സംസാരിച്ചു.

### The Rocket

പാലക്കാട് ജില്ലാ ലൈബ്രറിയിൽ പ്രദർശിപ്പിച്ച ഓസ്ട്രേലിയൻ സിനിമയായ ദി റോക്കറ്റ്, ഏഷ്യൻ രാജ്യമായ ലാവോസിൽ നടക്കുന്ന ഒരു ചെറിയ കഥയാണ് പറയുന്നത്. ഇരട്ടക്കുട്ടികൾ പിറന്നാൽ അതിൽ ഒരാൾ ദൈവാനുഗ്രഹമുള്ളയാളും മറ്റെയാൾ ശാപം പേറുന്നയാളുമായിരിക്കുമെന്നാണ് ലാവോസിലെ ഒരു ഉൾഗ്രാമത്തിലുള്ള അന്ധവിശ്വാസം. അപ്രതീക്ഷിതമായി ഗ്രാമത്തിൽ നിന്ന് പലായനം ചെയ്യേണ്ടിവരുന്ന അലോയുടെ കുടുംബത്തിന് അവൻ ശാപമാണോ നൻമയാണോ വരുത്തിവെക്കുക എന്നതാണ് ചിത്രം പറയുന്നത്. യുദ്ധക്കെടുതിയും മനുഷ്യജീവിതങ്ങളും സ്വാഭാവികമായിത്തന്നെ വരച്ചുകാട്ടുന്ന ചിത്രം.

### MASAAN

പാലക്കാട് ജില്ലാ ലൈബ്രറിയിൽ പ്രദർശിപ്പിച്ച, മസാൻ, പരമ്പരാഗത സദാചാരങ്ങൾക്കെതിരെ പ്രവർത്തിച്ചതിന് കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരുന്ന ഒരു കൂട്ടം പേരുടെ കഥ പറയുകയാണ്. വാരാണസിയിലാണ് മസാന്റെ കഥ നടക്കുന്നത്. ഇതുവരെ കണ്ട് പരിചയിച്ചിട്ടില്ലാത്ത വാരാണസിയുടെ മറ്റൊരു മുഖമാണ് ചിത്രത്തിലൂടെ സംവിധായകന് കാട്ടിത്തരുന്നത്. പ്രദർശനത്തിന് ശേഷം ശ്രീ യൂനുസ്, ശ്രീമതി അർച്ചന, ശ്രീജിജെ മേനോൻ, അഡ്വക്കേറ്റ്റെജിന, ശ്രീ സന്തോഷ്കുമാർ എന്നിവർ പങ്കെടുത്തു. PDPL ഫിലിം സൊസൈറ്റി കൺവീനർ ശ്രീ രജീഷ്, പ്രൊഫ കെ മോഹൻദാസ്, തുടങ്ങിയവരും സംസാരിച്ചു.

## Conclave

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റി പ്രതിവാര പ്രദർശിപ്പിച്ച, 2024 ൽ പുറത്തിറങ്ങിയ മിസ്റ്ററി ത്രില്ലർ ചിത്രമാണ് "കോൺക്ലേവ്". നിലവിലെ മാർപ്പാപ്പ ഹൃദയാഘാതം മൂലം മരിച്ചതിനെ തുടർന്ന് പുതിയ മാർപ്പാപ്പയെ തിരഞ്ഞെടുക്കാനായി കർദ്ദിനാൾ സംഘത്തിന്റെ കോൺക്ലേവ് വിളിച്ചു കൂട്ടുന്നു. കർദ്ദിനാൾ സംഘത്തിന്റെ തലവനും, കോൺക്ലേവിന്റെ മേൽ നോട്ടവും വഹിക്കുന്നത് കർദ്ദിനാൾ തോമസ്ലോറൻസാണ്. കോൺക്ലേവ് മുന്നോട്ട് പോകുന്തോറും കോൺക്ലേവിന് വന്ന പല കർദ്ദിനാൾമാരെയും കുറിച്ചുള്ള രഹസ്യങ്ങളുടെ ചുരുളഴിയപ്പെടുന്നു. 97 മത് ഓസ്കാർ അവാർഡിൽ മികച്ച ചിത്രത്തിന് ഉൾപ്പടെ 8 നാമനിർദ്ദേശങ്ങൾ ലഭിക്കുകയും മികച്ച അവലംബിത തിരക്കഥക്കുള്ള പുരസ്കാരം നേടുകയും ചെയ്തു.

## The President

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റി പ്രതിവാര ചലച്ചിത്ര പ്രദർശനം, ലോകമെങ്ങും ജനാധിപത്യത്തിനു വേണ്ടിയുള്ള പ്രക്ഷോഭങ്ങളും പോർവിളികളും മുഴങ്ങുമ്പോൾ സിനിമയെന്ന മാധ്യമത്തിലൂടെ അതിനെ പിന്തുണയ്ക്കാനുള്ള ആർജവത്വം തനിക്കുണ്ടെന്നു തെളിയിക്കുകയാണ് പ്രശസ്ത ഇറാനിയന് ചലച്ചിത്ര സംവിധായകൻ മൊഹസീൻ മക്മൽ ബഫ് 'ദി പ്രസിഡന്റ്' എന്ന ചിത്രത്തിലൂടെ. യഥാർത്ഥ ലോകത്ത് മുൻകാലങ്ങളിൽ അധികാരത്തിന്റെ ക്രൂരമായ തേര് വാഴ്ചകൾക്കൊടുവിൽ ജനാധിപത്യത്തിന്റെ നിശിത വിചാരണക്ക് വിധേയരാകേണ്ടി വന്ന സ്വേച്ഛാധിപതികളെ കൂടി ഓർമ്മിപ്പിക്കുന്നു ഈ ചിത്രം. ചരിത്രത്തെ തെറ്റായി വളച്ചൊടിച്ച് സിനിമ നിർമ്മിക്കുന്നവർക്ക് സംരക്ഷണവും സ്വീകാര്യതയും ലഭിക്കുകയും, ഭരണകൂടത്തിന്റെ വർഗീയ ചേരിതിരിവും ഭീകരതയും വിളിച്ച് പറയുന്ന സിനിമകൾക്ക് 'വിലക്കും റീസെൻസറിങ്ങും' നേരിടേണ്ടി വരികയും ചെയ്യുന്ന വർത്തമാനകാല ഇന്ത്യയിൽ 'ദി പ്രസിഡന്റ്' വളരെ പ്രസക്തമായ ചില ചോദ്യങ്ങൾ ഉയർത്തുന്നു.

## RAIN MAN

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റി പ്രതിവാര പ്രദർശിപ്പിച്ച-RAIN MAN, പ്ലെയിനിൽ കേറ്റാൻ പേടിയുള്ള റെയ്മണ്ടുമായി ചാർളി കാറിൽ യാത്ര തിരിക്കുന്നു. ഈ നീണ്ട യാത്ര ഇരുവരുടേയും ജീവിതത്തിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരുന്നു എന്നതാണ് റെയിന്മാൻ എന്ന സിനിമ പറയുന്നത്. തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ ആദർശ്, ശ്രീ ജയപ്രകാശ്, അഡ്വക്കേറ്റ് ഉണ്ണികുമാർ, കൺവീനവർ രജീഷ് തുടങ്ങിയവർ സംസാരിച്ചു.

## HUMAN, SPACE, TIME AND HUMAN

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റി പ്രതിവാര പ്രദർശിപ്പിച്ച പ്രശസ്ത കൊറിയൻ സംവിധായകൻ കിംകിഡുക്കിന്റെ സംവിധാനത്തിൽ 2018ൽ റിലീസായ കൊറിയൻ ഡ്രാമയാണ് "ഹ്യൂമൻ, സ്പേസ്, ടൈം ആൻഡ്ഹ്യൂമൻ". കുറച്ച് ആളുകൾ




ചേർന്ന് ഒരു യുദ്ധ കപ്പലിൽ ഉൾകടലിലേക്ക് വിനോദയാത്ര പോകുന്നു. എന്നാൽ ആ യാത്രക്കിടയിൽ ഉണ്ടാകുന്ന ചില അപ്രതീക്ഷിത സംഭവങ്ങളും അതിനെ തുടർന്നുണ്ടാകുന്ന കാര്യങ്ങളിലൂടെയുമാണ് ചിത്രത്തിന്റെ കഥ വികസിക്കുന്നത്. കിംകിഡുക്കിന്റെ സ്ഥിരം ശൈലിയിൽ നിന്നൊരൽപം വ്യത്യസ്തമായി, ലോകക്രമത്തെ മുഴുവൻ ഒരു കപ്പൽ യാത്രയുടെ പശ്ചാത്തലത്തിൽ അവതരിപ്പിച്ചിരിക്കുന്ന രീതി. പ്രദർശനത്തിന് ശേഷം ശ്രീ യൂനുസ്, ശ്രീമതി അർച്ചന, ശ്രീ ജി ജെ മേനോൻ, അഡ്വക്കേറ്റ് റെജിന, ശ്രീ സന്തോഷ്കുമാർ എന്നിവർ പങ്കെടുത്തു. PDPL ഫിലിം സൊസൈറ്റി കൺവീനർ ശ്രീ രജീഷ്, പ്രൊഫ കെ മോഹൻദാസ്, തുടങ്ങിയവരും സംസാരിച്ചു.

## And Justice for All

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റി പ്രതിവാര പ്രദർശിപ്പിച്ച, ആൻഡ് ജസ്റ്റിസ് ഫോർ ഓൾ-കള്ളക്കേസ് ചുമത്തപ്പെട്ട് അറസ്റ്റിലായി ജയിലിൽ കഴിയുന്ന മക്കല്ലോ എന്ന ചെറുപ്പക്കാരനെ പുറത്തിറക്കാനുള്ള പരി ശ്രമത്തിലാണ്യുവ അഭിഭാഷകനായ ആർതർകിർക്ക്ലന്റ്. തെളിവുകൾ അനുകൂലമാണെങ്കിലും സാങ്കേതികത ഉയർത്തിക്കാട്ടി ജഡ്ജി മക്കല്ലോയുടെ റിലീസ് തടയുന്നത് ആർതറിനെ വലിയ നിരാശയിലാക്കുന്നു. വിഖ്യാത നടൻ അൽപാച്ചിനോയുടെ ഗംഭീര പ്രകടനം കൊണ്ട് ശ്രദ്ധേയമായ ചിത്രം അമേരിക്കൻ നീതിന്യായ വ്യവസ്ഥയുടെ പോരായ്മകൾ തുറന്നു കാണിക്കുന്നതാണ്.

### 'ക്രോണിക്കിൾ ഓഫ് എ ഡിസപ്പിയറൻസ്'

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റി പ്രതിവാര പ്രദർശിപ്പിച്ച, പ്രശസ്ത സംവിധായകൻ ഏലിയാ സുലൈമാന്റെ ആദ്യ ചിത്രമാണ് 'ക്രോണിക്കിൾ ഓഫ് എ ഡിസപ്പിയറൻസ്'. സ്വയം തിര




ഞെടുത്ത വനവാസത്തിനുശേഷം ഇസ്രായേലിലേക്ക് തിരിച്ചു വരുന്ന ഏലിയയുടെ ജീവിതത്തിലെ പല സംഭവങ്ങളും ഇസ്രായേൽ പലസ്തീൻ സമാധാന ചർച്ചകൾ നടക്കുന്ന പ്രക്ഷുബ്ധമായ രാഷ്ട്രീയ സാഹചര്യവും ഇടകലർത്തി ഒരു കൂട്ടം സ്കിറ്റുകളാണ് ചിത്രം.

## Mahanagar

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റി പ്രതിവാര പ്രദർശിപ്പിച്ച, 1963ൽ വിഖ്യാത സംവിധായകൻ സത്യജിത്റേയുടെ സംവിധാനത്തിൽ പുറത്തിറങ്ങിയ മഹാനഗര്, മാധഭിമുഖർജി അവതരിപ്പിക്കുന്ന ആരതിമോജൂം ദാറിന്റെ കഥയാണ്. ആരതിയിലൂടെ സ്വാതന്ത്രാനന്തര ഇന്ത്യയിൽ സ്ത്രീകൾ അടുക്കള വിട്ട് ജോലി സ്ഥലത്തേക്ക് എത്തിയതിന്റെ തുടക്കം റേ നമുക്ക്കാണിച്ചു തരുന്നു. തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ ആദർശ്, ശ്രീ ജയപ്രകാശ്, അഡ്വക്കേറ്റ് ഉണ്ണികുമാർ, കൺവീനവർ രജീഷ് തുടങ്ങിയവർ സംസാരിച്ചു.







## Wild Tales

പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി ഫിലിം സൊസൈറ്റി പ്രദർശിപ്പിച്ച, വൈൽഡ്ടേൽസ്, ആറ് ചെറുകഥകൾ കോർത്തിണക്കി നിർമ്മിച്ച വൈൽഡ് ടേൽസിലെ ഓരോ കഥയും മറ്റൊന്നിൽ നിന്നും വ്യത്യസ്തമായി നിൽക്കുമ്പോളും പകയും പ്രതികാരവും അതിൽ ഓരോന്നിലും ഉള്ളടങ്ങിയിരിക്കുന്നു. 87-മത് അക്കാദമി അവാർഡിനായി മികച്ച അന്യഭാഷാ വിഭാഗത്തിലേക്ക് നിർദ്ദേശിക്കപ്പെട്ട ചലച്ചിത്രങ്ങളിലൊന്നാണ് വൈൽഡ്ടേൽസ്. ചിത്രത്തിന്റെ പ്രദർശനത്തിനെ തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ വാസുദേവൻ, ശ്രീമതി അർച്ചന ശ്രീ രവി കെ പുത്തൂർ, കുമാരി ഗോപിക, മാസ്റ്റർ അയൻ, കൺവീനർ രജീഷ് തുടങ്ങിയവർ സംസാരിച്ചു.



# പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി

## അംഗത്വ വിവരം



| | |
|---|---|
| പേട്രൺ അംഗങ്ങൾ | 9 |
| ആജീവനാന്ത അംഗങ്ങൾ | 185 |
| ഹോണററി അംഗങ്ങൾ | 308 |
| ഒന്നാം ക്ലാസ് അംഗങ്ങൾ | 2624 |
| രണ്ടാം ക്ലാസ് അംഗങ്ങൾ | 5691 |
| വിദ്യാർത്ഥി അംഗങ്ങൾ | 4300 |
| **മൊത്തം അംഗങ്ങൾ** | **13,117** |





## ലൈബ്രറിയിൽ ഇപ്പോൾ ഉള്ള സൗകര്യങ്ങൾ







1. നഗരമധ്യത്തിൽ 30 സെന്റ് സ്ഥലത്ത് മൂന്ന് നിലകളിലായി 10000 ചതുരശ്ര അടി (960 ചതുരശ്രമീറ്റർ) വിസ്തീർണ്ണമുള്ള കെട്ടിടം
2. ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി, സംസ്കൃതം, റഷ്യൻ തുടങ്ങിയ ഭാഷകളിലെ 120000 ( ഒരു ലക്ഷത്തി ഇരുപതിനായിരം ) പുസ്തകങ്ങൾ
3. 150 പേരെ ഉൾക്കൊള്ളാൻ കഴിയുന്നഒരു എയർ കണ്ടീഷൻ ചെയ്ത സെമിനാർ ഹാൾ
4. 50 പേരെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ആനുകാലിക വായനാ സ്ഥലം
5. പുസ്തക വായനാ മേഖല
6. ഗവേഷണ, റഫറൻസ് മേഖല
7. പ്രശസ്ത എഴുത്തുകാരുടെ പേരിലുള്ള 30 മൂലകൾ
8. പുസ്തക വിതരണ മേഖല
9. കുട്ടികളുടെ മേഖല
10. ഇന്റർനെറ്റ് കഫേ
11. എല്ലാ നിലയിലും ടോയ്‌ലറ്റുകൾ
12. വിശാലമായ പാർക്കിംഗ് ഏരിയ

## ലൈബ്രറിയിൽ നടക്കുന്ന പതിവ് പരിപാടികൾ








1. എല്ലാ മാസത്തിലും വിദ്യാർത്ഥികൾക്കുള്ള സർഗ്ഗരശ്മി
2. എല്ലാ വെള്ളിയാഴ്ചകളിലും സിനിമാ പ്രദർശനങ്ങൾ
3. എല്ലാ മാസത്തിലും വായന (പുസ്തകത്തെക്കുറിച്ചുള്ള ചർച്ച)
4. പ്രതിമാസം മീറ്റ് ദി ഓതർ പ്രോഗ്രാം
5. എല്ലാ ബുധനാഴ്ചകളിലും ജില്ലാ ഭരണകൂടവുമായി സഹകരിച്ചുള്ള പ്രചോദനാത്മക ബുധനാഴ്ച എന്ന പരിപാടി
6. എല്ലാ മാസവും മുതിർന്ന പൗരന്മാർക്കുള്ള പ്രഭാഷണ പരിപാടി
7. എല്ലാ മാസവും സ്ത്രീകൾക്കുള്ള കൗൺസിലിംഗ്
8. കുട്ടികൾക്കുള്ള ദിശാ ചിത്രരചനാ പരിപാടി (ലളിതകലാ അക്കാദമിയുമായി സഹകരിച്ച് )
9. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സാംസ്കാരിക പ്രഭാഷണങ്ങൾ
10. പൊതു, സാഹിത്യ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ
11. പ്രതിമാസ ബുള്ളറ്റിൻ
12. വ്യക്തിത്വ വികസന ശില്പശാലകൾ
13. പുസ്തക പ്രകാശനങ്ങൾ
14. കേരിയർ ഗൈഡൻസ് ക്ലാസുകൾ
15. കലാ സാംസ്കാരിക മത്സരങ്ങൾ
16. ലൈഫ് സ്കിൽ ട്രെയിനിങ്
17. ടേബിൾ & സ്റ്റൂൾ പരിപാടി
18. യുവാക്കൾക്കുള്ള പ്രതിമാസ പരിപാടി